# ദി ഡിഫെൻഡർ

Vol. No. 12 Issue No. 6 RNI Reg. No. 68089 / 97 Published From Perumbavoor 2009 March 16 Price: Rs.100/- P.A.


## ചർച്ച് ഓഫ് ഗോഡിൽ കോടികളുടെ വെട്ടിപ്പ്

ചർച്ച് ഓഫ് ഗോഡിൽ കോടിക്കണക്കിനു രൂപയുടെ വെട്ടിപ്പു നടക്കുന്നതായി ഡിഫെൻഡർ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തി. 2004-05 മുതൽ 2007-08 വരെയുള്ള നാലു വർഷത്തെ കണക്കാണ് ഡിഫെൻഡർ പരിശോധിച്ചത്. ചെന്നെയിലുള്ള ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്തതും കോയമ്പത്തൂരിലുള്ള സൊസൈറ്റി രജിസ്ട്രാർക്കു ചർച്ച് ഓഫ് ഗോഡ് നൽകിയതുമായ കണക്കിലാണ് വെട്ടിപ്പുകൾ കണ്ടെത്തിയത്.

കേരളത്തിൽ മുളക്കുഴ, പാക്കിൽ എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കിയും കേരളത്തിനു വെളിയിൽ ബോംബെ, കൽക്കട്ട തുടങ്ങി ചില സ്ഥലങ്ങൾ കേന്ദ്രീകരിച്ചുമാണ് ചർച്ച് ഓഫ് ഗോഡ് പ്രവത്തിക്കുന്നത്. എന്നാൽ ഈ പ്രവർത്തനങ്ങളെല്ലാം നടക്കുന്നത് 1949ൽ കോയമ്പത്തൂരിൽ കെ.160 എന്ന നമ്പരായി രജിസ്റ്റർ ചെയ്ത ''ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇന്ത്യ'' എന്ന സൊസൈറ്റിയുടെ കീഴിലാണ്. അതുകൊണ്ട് എല്ലാ സ്ഥലത്തേയും കണക്കുകൾ ഒന്നിച്ചുചേർത്ത് ഒറ്റക്കണക്കായിട്ടാണ് സർക്കാരിനു നൽകുന്നത്. ഈ കാരണത്താൽ ഓരോ ഓവർസിയറുടേയും കീഴിലുള്ള പ്രവർത്തനങ്ങളുടെ പ്രത്യകം കണക്കു ലഭ്യമല്ല. വെട്ടിപ്പു നടന്നിരിക്കുന്നത് എവിടെ എന്നു കൃത്യമായി പറയാനും ഇതുമൂലം കഴിയുന്നതല്ല.

ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചിരുന്ന കാലത്ത് ഉണ്ടാക്കിയ സൊസൈറ്റീസ് ആക്ട് അനുസരിച്ച് 1949ൽ രജിസ്റ്റർ ചെയ്ത ഈ സൊസൈറ്റിയുടെ പല ചട്ടങ്ങളും ഇപ്പോൾ രാജ്യത്തു നിലവിലുള്ള നിയമത്തിനു വിരുദ്ധമാണ്. അമേരിക്കയിലുള്ള ചർച്ച് ഓഫ് ഗോഡിന് പൂർണ്ണ നിയന്ത്രണമുള്ള വിധത്തിലാണ് ഈ സൊസൈറ്റി രജിസ്റ്റർ ചെയ്തിരിക്കുന്നത്. അത്തരം നിബന്ധനകൾക്ക് ഇപ്പോൾ നിയമസാധുതയില്ല. എങ്കിലും ഇത്തരം പ്രശ്നങ്ങൾ ആരും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാത്തതുകൊണ്ട് ചർച്ച് ഓഫ് ഗോഡ് നിലനിന്നു പോരുന്നു എന്നു മാത്രം.

അക്കൗണ്ടുകളേക്കുറിച്ചു കാര്യമായ അറിവൊന്നുമില്ലാത്തവർക്കുപോലും മനസ്സിലാക്കാൻ കഴിയുന്നത്ര ഭീകരമായ വെട്ടിപ്പുകളാണ് കണക്കിൽ കാണാൻ കഴിയുന്നത്. ചില ഉദാഹരണങ്ങൾ ഇതാ:

1. 2004-2006 കാലത്ത് ബാങ്ക് വായ്പയുടെ പലിശയിനത്തിൽ 26 ലക്ഷത്തിൽപ്പരം രൂപ കൊടുത്തതായി കാണുന്നു. പക്ഷേ ഇത്രയധികം പണം പലിശ കൊടുക്കാൻ തക്ക ഒരു വായ്പയും എടുത്തിട്ടുള്ളതായി കണക്കിൽ കാണുന്നുമില്ല.
2. 2005-06 കാലത്തെ വരവു ചെലവു കണക്കുപ്രകാരമുള്ള ബാങ്ക് ബാലൻസും കൈയ്യിലുള്ള പണവും അതേവർഷത്തെ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല.
3. 2004-05 കാലത്തെ ക്ലോസിംഗ് ബാലൻസും 2005-06 കാലത്തെ ഓപ്പണിംഗ് ബാലൻസും തമ്മിൽ അരലക്ഷത്തിലധികം രൂപയുടെ വ്യത്യാസമുണ്ട്.
4. 2005-06 വർഷത്തെ സ്ഥിര ആസ്തി യഥാർത്ഥ വിലയിലാണ് കാണിച്ചിരിക്കുന്നത്. പക്ഷേ ഡിപ്രീസിയേഷൻ വകയിൽ 31.44 ലക്ഷം രൂപയും ഉൾക്കൊള്ളിച്ചിരിക്കുന്നു. അങ്ങനെയെങ്കിൽ 31.44 ലക്ഷം രൂപ ആരോ പോക്കറ്റിലാക്കി എന്നു വ്യക്തം.
5. 2005-06 കാലത്ത് ചർച്ച് ഓഫ് ഗോഡ് സ്വന്തം ഓഫീസിന് 62.5 ലക്ഷം രൂപ സംഭാവന നൽകി! (ഡിഫെൻഡർ ഡിഫെൻഡറിനു സംഭാവന നൽകുന്നതെങ്ങനെ?)

ഇതൊക്കെ ചില ഉദാഹരണങ്ങൾ മാത്രം. ഈ വിധത്തിൽ കുറച്ചധികം വെട്ടിപ്പുകൾ നടന്നിരിക്കുന്നു. അത്യന്തം ഗൗരവമുള്ളതാണ് ഈ വിഷയം. അതുകൊണ്ട് ഈ കണക്കുകളുടെ കോപ്പി ഡിഫെൻഡർ ബന്ധപ്പെട്ട വകുപ്പുകൾക്കു നൽകിയിട്ടുണ്ട്.

## കെ.എ.ഏബ്രഹാമിനും ടീമിനും പ്രോഗ്രാമില്ല



കെ.എ.ഏബ്രഹാമിനും സാദ്യത് ടീമിനും പ്രോഗ്രാം കിട്ടാതായിരിക്കുന്നു. ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസം മാത്രമാണ് ഇപ്പോൾ പ്രോഗ്രാം ലഭിക്കുന്നത്. ചില ആഴ്ചകളിൽ ടീമിന് പ്രോഗ്രാമേയില്ല. കൺവൻഷൻ സീസണിൽ ഒരു ദിവസം പോലും മുടക്കമില്ലാതെ പ്രോഗ്രാം ലഭിച്ചിരുന്ന ടീമാണ് ഇപ്പോൾ ഈ സ്ഥിതിയിൽ എത്തിയിരിക്കുന്നത്.

കെ.എ.ഏബ്രഹാമിന്റെ അഹങ്കാരമാണ് ഈ പതനത്തിനു കാരണമായത്. ടീമിലെ അംഗങ്ങളോട് അതിക്രൂരമായാണ് അവറാൻ ഇടപെടുന്നത്. നിസ്സാര കാര്യങ്ങൾക്കുപോലും ഹീനമായ ഭാഷയിൽ ശകാരിക്കും. സഹപ്രവർത്തകരായല്ല അടിമകളായാണ് കെ.എ.ഏബ്രഹാം ടീമിലെ അംഗങ്ങളെ പരിഗണിക്കുന്നത്. ഇയാളുടെ ചതിയിൽ അകപ്പെട്ട വിനോദ് എന്ന യുവാവ് ആത്മഹത്യ ചെയ്ത സംഭവം കഴിഞ്ഞലക്കം ഡിഫെൻഡറിൽ റിപ്പോർട്ട് ചെയ്തിരുന്നല്ലോ.

കെ.എ.ഏബ്രഹാമിന്റെ പീഡ സഹിക്കവയ്യാതെ പലരും ടീമിൽ നിന്നു വിട്ടുപോയി. ചിലരെ കെ.എ.ഏബ്രഹാം പിരിച്ചു വിടുകയും ചെയ്തു. ഒരു ഗതിയും പരഗതിയും ഇല്ലാത്ത ചിലർ മാത്രമാണ് ഇപ്പോൾ ടീമിൽ അവശേഷിക്കുന്നത്.

വലിയ വചനപണ്ഡിതനാണു താൻ എന്ന ഭാവത്തിലായിരുന്നു അവറാൻ പ്രസംഗിച്ചു നടന്നിരുന്നത്. എന്നാൽ ഇയാൾ പ്രസംഗിക്കുന്നതെല്ലാം പമ്പര വിഡ്ഢിത്തമാണെന്ന വസ്തുത ഡിഫെൻഡർ പുറത്താക്കിയതോടെ അവറാന്റെ മാർക്കറ്റ് ഇടിഞ്ഞു. പക്ഷേ ഡിഫെൻഡറിന്റെ എഴുത്തുമൂലം തനിക്ക് ഒരു ക്ഷീണവും ഉണ്ടായിട്ടില്ല എന്നു വരുത്തിത്തീർക്കാൻ കെ.എ.ഏബ്രഹാം ശ്രമിക്കാതിരുന്നില്ല. ഈ സീസണിൽ കെ.എ.ഏബ്രഹാമിനെ പ്രോഗ്രാമിനു വിളിച്ചവരോടെല്ലാം കെ.എ.ഏബ്രഹാം പറഞ്ഞ മറുപടി ഇതാണ്: ''2011 വരെയുള്ള എല്ലാ ഡേറ്റും കൊടുത്തുകഴിഞ്ഞു''. നിർബ്ബന്ധിക്കുന്നവരോട് ''ശ്രമിച്ചു നോക്കട്ടെ'' എന്നു പറയും. അതു കഴിഞ്ഞ് ഡേറ്റ് കൊടുക്കുകയും ചെയ്യും. പക്ഷേ ഈ വിദ്യ ഫലം കണ്ടില്ല. വളരെ കുറച്ചു പ്രോഗ്രാമുകൾ മാത്രമാണു ലഭിച്ചത്. ടീമിന്റെ കാര്യം പറയാതിരിക്കയാണു ഭേദം.

കൺവൻഷൻ സീസൺ ചൂടു പിടിക്കുന്നതോടെ സ്ഥിതിക്കു മാറ്റമുണ്ടാകും എന്നു കരുതിയെങ്കിലും മറിച്ചാണു സംഭവിച്ചത്. അതുകൊണ്ട് കെ.എ.ഏബ്രഹാം അടവൊന്നു മാറ്റി. പണ്ട് പ്രോഗ്രാമിനു വിളിച്ചിട്ടുള്ളവരെയെല്ലാം അങ്ങോട്ടു വിളിച്ചു പ്രോഗ്രാം ചോദിക്കയാണിപ്പോൾ. താമസ സൗകര്യവും ഭക്ഷണവും തന്നാൽ മതി, എങ്ങനെയെങ്കിലും മൂന്നു ദിവസത്തെ പ്രോഗ്രാം തരണം, ഇതാണ് അപേക്ഷ. (ഗതി കെട്ടാൽ പുലി പുല്ലും തിന്നും.)

### പകൽക്കാലം

സുവിശേഷവേലക്കാരനു നേഴ്സിനെ വേണമെന്നു കല്ല്യാണപ്പരസ്യം....

എങ്കിലേ അവന്റെ **വേല** നടക്കൂ...



## കെ.ജോയിക്ക് എം.എസ്.സാമുവലിന്റെ പാര





കെ.ജോയിക്കു പാരയുമായി എം.എസ്.സാമുവൽ രംഗത്തെത്തിയിരിക്കുന്നു. ഐ.പി.സി ജനറൽ വൈസ് പ്രസിഡന്റ് സ്ഥാനം സ്വപ്നം കണ്ടു കഴിയുന്ന എം.എസ്.സാമുവലിന് കെ.ജോയി ഭീഷണിയാകുമെന്ന കണക്കുകൂട്ടലാണ് പാരവയ്പ്പിനാധാരം.

സെപ്റ്റംബറിൽ നടക്കുന്ന ഐ.പി.സി ജനറൽ ഇലക്ഷനിൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്കു മത്സരിക്കാൻ എം.എസ്.സാമുവൽ ഒരുങ്ങിയിരിക്കയാണ്. വിശ്വാസികളുടെ സ്നേഹാദരവുകൾ പിടിച്ചു പറ്റാൻ എം.എസ്.സാമുവൽ ആത്മകഥ എഴുതി അച്ചടിപ്പിച്ച് ശുശ്രൂഷക സമ്മേളനത്തിൽ വിതരണം നടത്തുകയും അന്നദാനം നടത്തുകയും മറ്റും ചെയ്തിരുന്നു. കൂടാതെ, ഇത്തവണത്തെ ജനറൽ കൺവൻഷനിൽ പ്രജാപതിയെ പ്രസംഗിച്ച് തന്റെ പാണ്ഡിത്യം പ്രകടമാക്കുകയും ചെയ്തു. അങ്ങനെ, കാര്യങ്ങളെല്ലാം ഒത്തുവരുന്ന സമയത്താണ് കെ.ജോയി വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥിയാകുന്ന വിവരം എം.എസ്.സാമുവൽ അറിയുന്നത്.

വൈസ് പ്രസിഡന്റാകാൻ എം.എസ്.സാമുവൽ ലക്ഷക്കണക്കിനു രൂപ ഇതിനോടകം മുടക്കിക്കഴിഞ്ഞു. ഇനി പിൻമാറാൻ പറ്റില്ല. കെ.ജോയി വിട്ടുകൊടുക്കുന്ന മട്ടുമില്ല. ഒരു വഴിയേ മിച്ചമുള്ളൂ: കെ.ജോയിക്കു പാര പണിയുക.

പക്ഷേ ഒരു പ്രശ്നം. പാരയുമായി നേരിട്ടു ചെല്ലാനാവില്ല. അതിന് ഏതെങ്കിലും ഒരു കുട്ടിക്കുരങ്ങന്റെ സഹായം വേണം. ഏറെ അന്വേഷണം കൂടാതെ തന്നെ ആളെ കിട്ടി: മോനായി. കാശുകൊടുക്കുന്നവരെയെല്ലാം വാനോളം പുകഴ്ത്താനും വിരോധികളെ ടാറടിക്കാനും മോനായി തയ്യാർ. അങ്ങനെ, കെ.ജോയിക്കു പാരപണിയുന്ന ജോലി എം.എസ്.സാമുവൽ മോനായിയെ ഏല്പിച്ചു. മോനായി സസന്തോഷം ആ ജോലി ഏറ്റെടുത്തു.

കെ.ജോയിയെ സംഹരിക്കാൻ മോനായി ഒരു അവസരം കാത്തിരിക്കുമ്പോഴാണ് എം.എസ് സഹായം തേടി എത്തിയത്. കെ.ജോയിയുടെ ചില പുസ്തകങ്ങൾ മോനായി പ്രസിദ്ധീകരിച്ചിരുന്നു. അവയുടെ പുതിയ പതിപ്പുകൾ ഇറക്കരുതെന്ന് കെ.ജോയി ആവശ്യപ്പെട്ടിട്ടും മോനായി അനുസരിച്ചില്ല. ഒടുവിൽ കെ.ജോയി മോനായിക്ക് അന്ത്യശാസനം കൊടുത്തു. ഈ വാർത്ത ഡിഫെൻഡറിലൂടെ മാലോകരറിഞ്ഞു. (2008 Oct 16 ലക്കം) അങ്ങനെ ഈ പുസ്തകളുടെ പ്രസിദ്ധീകരണം മോനായിക്കു നിർത്തിവയ്ക്കേണ്ടതായി വന്നു. ഇതിനു പ്രതികാരം ചെയ്യാൻ മോനായി കാത്തിരിക്കുമ്പോഴാണ് കെ.ജോയിയെ ഒതുക്കണമെന്ന ആവശ്യവുമായി എം.എസ്.സാമുവൽ മോനായിയെ സമീപിച്ചത്. മോനായി എല്ലാവിധ സഹായവും വാഗ്ദാനം ചെയ്തു. കാത്തുകാത്തിരുന്ന അവസരം രണ്ടു മാസം മുൻപു നടന്ന കുമ്പനാടു കൺവൻഷനിൽ ലഭിച്ചു. കെ.ജോയി നടത്തിയ പ്രസംഗത്തിലെ ചില പരാമർശങ്ങൾ മോനായി വാർത്തയാക്കി സപ്ലിമെന്റിറക്കി. അടുത്ത മൂന്നു വർഷത്തേക്കു കെ.ജോയിയെ കുമ്പനാടു കൺവൻഷനിൽ പ്രസംഗിക്കാൻ അനുവദിക്കയില്ല എന്നു പ്രഖ്യാപിക്കുകയും ചെയ്തു.

ധാർമ്മികതയുടേയും ഉപദേശ വിശുദ്ധിയുടേയും പേരിലാണു മോനായി ചന്ദ്രഹാസമെടുത്തതെങ്കിൽ കടുത്ത വേദവിപരീതം പ്രസംഗിച്ച എം.എസ്.സാമുവലിനെതിരെയും എഴുതേണ്ടതായിരുന്നു. പക്ഷേ അതുണ്ടായില്ല. കെ.ജോയിയോടുള്ള പക തീർക്കുകയായിരുന്നു മോനായിയുടെ ലക്ഷ്യം. എം.എസ്സിന്റെ പണം വാങ്ങി ആ കൃത്യം മോനായി നിർവ്വഹിച്ചു. പ്രത്യുപകാരമായി എം.എസ് ഇപ്പോൾ മോനായിയെ വീണ്ടും അമേരിക്കയ്ക്കു കൊണ്ടു പോയിരിക്കുകയാണ്.

ദി ഡിഫെൻഡർ
Vol. No.12 Issue No.6 2009 March 16

# റാലി നൽകുന്ന പാഠം

ഡിസംബർ 22ന് തിരുവനന്തപുരത്തു റാലി നടത്തും എന്നു കെ.സി.ജോണും ടി.ജെ.ശാമുവലും ചേർന്നു പ്രഖ്യാപിച്ചിരുന്നു. ഇത്തരം ഒരു റാലി നടത്താൻ ദൈവം ഇവരോട് ആവശ്യപ്പെട്ടു എന്നായിരുന്നു പ്രചരണം. പിന്നീട് ഇവരുടെ ദൈവത്തിനു വീണ്ടുവിചാരമുണ്ടായി. അതുകൊണ്ട് തീയതിയിൽ മാറ്റം വരുത്തി. ഏപ്രിൽ രണ്ടിന് റാലി നടത്താൻ ഉറപ്പിച്ചു. പക്ഷേ ഇതാ ഏപ്രിൽ എത്തുന്നു. റാലിയേപ്പറ്റി ആരും മിണ്ടുന്നതേയില്ല. ഈ പരിപാടിയുമായുള്ള എല്ലാ ബന്ധങ്ങളും ഉപേക്ഷിച്ചെന്നു ടി.ജെ.ശാമുവൽ പ്രഖ്യാപിക്കയും ചെയ്തു.

നടക്കാതെപോയ ഈ റാലിയിൽ നിന്നു ചില പാഠങ്ങൾ പഠിക്കേണ്ടതുണ്ട്. നേതാക്കൻമാരുടെ ഹൃദയത്തിൽ തോന്നുന്നതെല്ലാം ദൈവാലോചന ആയിക്കൊള്ളണമെന്നില്ല എന്നതാണ് ആദ്യപാഠം. ദ്രവ്യാഗ്രഹികളും അധികാര മോഹികളുമായ പെന്തക്കോസ്ത് നേതാക്കൻമാർക്കു പല പദ്ധതികളും മനസ്സിൽ തോന്നും. ദൈവസ്നേഹത്തിന്റേയും സുവിശേഷീകരണത്തിന്റേയും മറവിൽ ഇതൊക്കെ പ്രാവർത്തികമാക്കാൻ അവർ ശ്രമിക്കുകയും ചെയ്യും. നേതാക്കൻമാരെ ദൈവത്തേപ്പോലെ കണക്കാക്കുകയും നേതാക്കൻമാർ പറയുന്നതെല്ലാം ദൈവാലോചനയാണെന്നു തെറ്റിദ്ധരിക്കുകയും ചെയ്യുന്ന സാധുക്കൾ ഇവരെ സാമ്പത്തികമായി സഹായിക്കയും ചെയ്തേക്കാം. അങ്ങനെ ചില പദ്ധതികളൊക്കെ നടപ്പിലാകും. ദൈവമാണ് തങ്ങളുടെ പദ്ധതികൾ നടപ്പിലാക്കിത്തന്നത് എന്ന് ഇവർ പിന്നീടു വീമ്പിളക്കും. ചവർ ചാനൽ തന്നെ നല്ല ഉദാഹരണം. പക്ഷേ ദൈവകരം പ്രവർത്തിച്ചതുകൊണ്ടല്ല മറിച്ച് വിശ്വാസികൾ വിവരദോഷികളായതുകൊണ്ടാണ് പദ്ധതി വിജയിച്ചതെന്ന വസ്തുത മിക്കവരും മനസ്സിലാക്കുകയില്ല.

റാലിയും ഈ വിധത്തിൽ വിജയിക്കേണ്ടതായിരുന്നു. പക്ഷേ ഭൂരിപക്ഷം പെന്തക്കോസ്ത് പത്രങ്ങളും ഈ തോന്ന്യാസത്തിനെതിരെ പ്രതികരിച്ചു. അതോടെ പൊതുജനാഭിപ്രായം റാലിക്കാർക്ക് എതിരായിത്തീർന്നു. ഡിസംബറിൽ റാലി നടക്കാതെ പോകാൻ ഇതായിരുന്നു കാരണം. പക്ഷേ റാലി നടത്തിയേ മതിയാകൂ എന്നു വാശിയുണ്ടായിരുന്ന കെ.സി.ജോണും ടി.ജെ.ശാമുവലും ഏപ്രിൽ രണ്ടിനു റാലി നടത്താൻ തീരുമാനിച്ചു. എന്നാൽ ഈ നീക്കത്തിനെതിരെ ഡിഫെൻഡർ ശക്തമായ നിലപാടെടുത്തു. അതോടെ മറ്റു പെന്തക്കോസ്ത് പ്രസ്ഥാനങ്ങളെല്ലാം പിൻമാറി. ഒടുവിൽ കെ.സിയും ടി.ജെയും മാത്രം ശേഷിച്ചു. പരാജയം മണത്തറിഞ്ഞ് ടി.ജെയും പിൻമാറിയതോടെ റാലി സ്വാഹയായി. സാത്താനോടെതിർത്തു നിന്നാൽ അവൻ പേടിച്ചോടും എന്ന വസ്തുത റാലിക്കാരുടെ പരാജയത്തോടെ ഒരിക്കൽക്കൂടി തെളിയുന്നു.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**
**OR www.tsbalan.org**

ബൈബിൾ റേഡിയോ
**www.thebibleradio.com**
**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
**വിലാസം:**
**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം.**
(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

# സത്യം സത്യമായി

ചട്ടിയും കലവുമാകുമ്പോൾ തട്ടിയും മുട്ടിയും കിടക്കും എന്നാണു ചൊല്ല്. പക്ഷേ ഇടതു മുന്നണിയിലെ തട്ടും മുട്ടും ഇമ്മിണി കടന്നുപോയി എന്നു പറയാതെവയ്യ. വല്ല്യേട്ടൻ സകല കുഞ്ഞനുജൻമാരുടേയും പാത്രത്തിൽ കൈയ്യിട്ടുവാരി. ഒന്നും ചെയ്യാനാവാതെ പാവം അനുജൻമാർ ഇപ്പോൾ മിഴിച്ചിരിക്കുകയാണ്. വീട്ടിൽ നിന്ന് ഇറങ്ങിപ്പോകാമെന്നു വച്ചാൽ എങ്ങോട്ടു പോകും? ഇത്ര വലിയ ഗതികേട് ഈ ഭൂമിമലയാളത്തിലെന്നല്ല ഭൂലോകത്തിൽപ്പോലും ഒരു പാർട്ടിക്കും ഉണ്ടായിരിക്കില്ല.

നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനു മുൻപുതന്നെ എൽ.ഡി.എഫിന്റെ സ്ഥാനാർത്ഥികൾ തോറ്റ മട്ടാണ്. കൊഴിക്കോട്, കൊല്ലം, പൊന്നാനി എന്നീ മണ്ഡലങ്ങളിൽ എൽ.ഡി.എഫ് ജയിച്ചാൽ അത് വലിയൊരത്ഭുതമായിരിക്കും. വിരലിലെണ്ണാവുന്ന സീറ്റുകളിൽ മാത്രമേ ഇത്തവണ ഇടതുപക്ഷം ജയിക്കൂ എന്ന് ഇപ്പോൾത്തന്നെ പറയാം.

എന്തൊക്കെ കുറ്റം പറയാനുണ്ടെങ്കിലും യു.ഡി.എഫിന്റെ സ്ഥിതി ഇത്തവണ വളരെ മെച്ചമാണെന്നു പറയാതെ വയ്യ. അടുത്ത കാലത്തൊന്നും ഉണ്ടാകാത്ത ഐക്യമാണ് ഇപ്പോൾ ഈ ചങ്ങാതിമാരുടെ ഇടയിലുള്ളത്. തെരഞ്ഞെടുപ്പു കഴിയുന്നതുവരെ ഈ ഐക്യം നിലനിർത്താൻ കഴിഞ്ഞാൽ നന്ന്.

ജോസഫ് ഗ്രൂപ്പ് ഇടുക്കി സീറ്റിൽ വലിയ ബുദ്ധിമുട്ടു കൂടാതെ ജയിച്ചേക്കാം. പക്ഷേ ജൂനിയർ മാണിക്ക് അത്രയെളുപ്പം കോട്ടയത്തു ജയിക്കാനാകുമെന്നു തോന്നുന്നില്ല. എന്നാൽ മുസ്ലീം ലീഗ് രണ്ടു സീറ്റിലും വൻഭൂരിപക്ഷത്തോടെ ജയിക്കും. അല്പം സംശയമുണ്ടായിരുന്നതു പൊന്നാനിയിൽ മാത്രമാണ്. ഇടതുപക്ഷത്തിന്റെ ബുദ്ധിഹീനതകൊണ്ട് അവിടെയും ജയം മുസ്ലീം ലീഗിന് എളുപ്പമായി.

സഭാനേതാക്കൻമാർ സ്ഥാനാർത്ഥി നിർണ്ണയത്തിൽ ഇടപെടുന്നതു ശരിയല്ലെന്ന് കർദ്ദിനാൾ പറയുന്നു. ഈ നിലപാടു ശരിയാണെന്നതിനു രണ്ടു പക്ഷമില്ല. മതനേതാക്കൻമാർ രാഷ്ട്രീയത്തിൽ ഇടപെടുന്നതു ശരിയല്ല. രാഷ്ട്രീയ പാർട്ടികൾ അവരുടെ ഇഷ്ടംപോലെ സ്ഥാനാർത്ഥികളെ നിർത്തട്ടെ. വിശ്വാസികൾ അവർക്കിഷ്ടമുള്ളവർക്കു വോട്ടുചെയ്യട്ടെ. ഭൂരിപക്ഷം കിട്ടുന്നവർ ജയിക്കട്ടെ. മതവും രാഷ്ട്രീയവും തമ്മിൽ കൂട്ടിക്കുഴയ്ക്കരുത്. രാഷ്ട്രീയം കളിച്ച് സ്ഥാനമാനങ്ങൾ നേടിയെടുക്കാൻ ശ്രമിക്കുന്ന കെ.സി.ജോണും ടി.ജെ.ശാമുവലും കർദ്ദിനാളിനെ കണ്ടു പഠിക്കട്ടെ.

സി.ഡി വിവാദം 'പൂർവ്വാധികം' ഭംഗിയായി കൊഴുക്കുകയാണ്. സി.ഡി വിതരണം ചെയ്തതു വിദ്യാഭ്യാസ വകുപ്പാണെന്നു ചിലർ പറയുന്നു. ഈ രക്തത്തിൽ സർക്കാരിനു പങ്കില്ലെന്ന് വിദ്യാഭ്യാസ മന്ത്രിയും സർക്കാരും ആണയിടുന്നു. ഏതെങ്കിലും അന്യഗ്രഹ ജീവികൾ പറ്റിച്ച പണിയാണിത് എന്നു പറഞ്ഞ് തടിയൂരുകയേ ഇനി നിവൃത്തിയുള്ളൂ.

കുറേക്കാലം മുൻപ് ചില പെന്തക്കോസ്ത് പത്രങ്ങൾ ഇടതുപക്ഷത്തിന്റെ വക്താക്കളായി രംഗത്തുവന്നു. ഇടതുപക്ഷം ജയിച്ചതുപോലും തങ്ങളുടെ പ്രയത്നഫലമായാണെന്നു വീമ്പിളക്കുകയും ചെയ്തു. കുമ്പനാടു കൺവൻഷനിൽ പങ്കെടുക്കാനെത്തിയ കോൺഗ്രസ്സ് നേതാക്കളെ ഗോബാക്ക് വിളക്കാനും ഇവർ തയ്യാറായി. ഇപ്പോഴിതാ ഇവർ പ്ലേറ്റ് തിരിച്ചു വച്ചിരിക്കുന്നു. കമ്മ്യൂണിസം കാലഹരണപ്പെട്ടിരിക്കുന്നു എന്നാണു പുതിയ കണ്ടുപിടുത്തം. ഇവർ കൊട്ടുന്ന താളത്തിനനുസരിച്ച് പെന്തക്കോസ്തുകാർ തുള്ളിക്കൊള്ളണം എന്നാണ് ഇവരുടെയൊക്കെ ഉള്ളിലിരുപ്പ് എന്നു തോന്നുന്നു. ഏതായാലും ക്രൈസ്തവചിന്തയെ ഈ വിഷയത്തിൽ അഭിനന്ദിക്കാതെ തരമില്ല. കാരണം, ക്രൈസ്തവചിന്ത എല്ലാക്കാലത്തും പെന്തക്കോസ്തിലെ ദേശാഭിമാനിയാണ്. അവസരവാദം അശ്ശേഷമില്ല. ഡിഫെൻഡറിനുമുണ്ട് വ്യക്തമായ നിലപാട്. ഡിഫെൻഡർ ഒരു മുന്നണിക്കും ഓശാന പാടുകയില്ല. ഒരു പാർട്ടിയേയും അന്ധമായി പിൻതാങ്ങുകയുമില്ല. പാർട്ടികളുടെ നയങ്ങളും നിലപാടുകളും നോക്കിയാണ് ഡിഫെൻഡർ പ്രതികരിക്കുന്നത്. എതിർക്കേണ്ടവരെ എതിർക്കും. അഭിനന്ദിക്കേണ്ടവരെ അഭിനന്ദിക്കും. ബൈബിളിന്റെ പരിധിയിൽ നിന്നു പ്രവർത്തിക്കുന്ന വ്യക്തികൾക്കും പത്രങ്ങൾക്കും ഇതേ ചെയ്യാനാവൂ.

പാർലമെന്റ് ഇലക്ഷനേക്കാൾ ചൂടിലായിരിക്കും ഇത്തവണ ഐ.പി.സി ഇലക്ഷൻ നടക്കുക എന്നു വ്യക്തം. മുന്നണികൾക്ക് ഏകദേശ രൂപമായിക്കഴിഞ്ഞു. പ്രസിഡന്റും സെക്രട്ടറിയും ആകാൻ കഴിഞ്ഞില്ലെങ്കിലും ഒരു കൗൺസിൽ അംഗമെങ്കിലും ആയാൽ മതിയെന്നാണ് പാസ്റ്റർമാരുടേയും വിശ്വാസികളുടേയും മോഹം. അതിന് ഏതെങ്കിലും മുന്നണിയിൽ ചേരുകയേ നിവൃത്തിയുള്ളൂ. അതിനായുള്ള നെട്ടോട്ടത്തിലാണ് മിക്കവരും. ഏതായാലും ജനറൽ ഇലക്ഷൻ പടിവാതിൽക്കലെത്തിയതോടെ പി.വൈ.പി.എ പ്രശ്നം കേൾക്കാനേയില്ല.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു.......

ഒരിക്കൽ പ്രകാശനം ലഭിച്ചിട്ടു സ്വർഗ്ഗീയ ദാനം ആസ്വദിക്കുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും. ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കുകയും ചെയ്തവർ പിൻമാറിപ്പോയാൽ, തങ്ങൾക്കു തന്നേ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവനു ലോകാപവാദം വരുത്തുന്നവരും ആകുകകൊണ്ട് അവരെ പിന്നെയും മാനസാന്തരത്തിലേക്കു പുതുക്കുവാൻ കഴിവുള്ളതല്ല. പലപ്പോഴും പെയ്ത മഴ കുടിച്ചിട്ടു ഭൂമി കൃഷി ചെയ്യുന്നവർക്ക് ഹിതമായ സസ്യാദികളെ വിളയിക്കുന്നു എങ്കിൽ ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കുന്നു. മുള്ളും ഞെരിഞ്ഞിലും മുളപ്പിച്ചാലോ അത് കൊള്ളരുതാത്തതും ശാപത്തിന് അടുത്തതും ആകുന്നു; ചുട്ടുകളയുക അത്രേ അതിന്റെ അവസാനം. എബ്രാ. 6: 4-8

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:
ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:
**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 96564 32921**

# തോമസ്കുട്ടിയെ സൂക്ഷിക്കുക

തോമസ്കുട്ടിയെ സൂക്ഷിക്കുക എന്നു കേൾക്കുമ്പോൾ ഏതു തോമസ്കുട്ടി എന്നൊരു ചോദ്യമുണ്ടാകും. അതുകൊണ്ട് വ്യക്തമായി പറയാം: റാന്നിയിൽ നിന്നു 'വചനഘോഷണം' എന്നൊരു പത്രം ഇറക്കുന്ന തോമസ്കുട്ടിയെ സൂക്ഷിക്കുക. ഇവൻ ഒന്നാംതരം തട്ടിപ്പുകാരനാണ്. ഈ വിദ്വാനേക്കുറിച്ചു ഡിഫെൻഡറിൽ പലവട്ടം എഴുതിയിട്ടുള്ളതാണ്. എങ്കിലും വീണ്ടും എഴുതേണ്ടതായി വന്നിരിക്കുന്നു.

ചില ദിവസങ്ങൾക്കു മുൻപ് ചവർ ചാനലിൽ ഇവന്റെ ചില പ്രോഗ്രാമുകൾ കാണുകയുണ്ടായി. പണക്കാരായ പെന്തക്കോസ്തുകാരേയും സമുദായത്തിലെ തിരുമേനിമാരേയും മറ്റും ഇന്റർവ്യൂ ചെയ്ത് സംപ്രേക്ഷണം ചെയ്യുന്നതാണു പരിപാടി. രണ്ടു പെന്തക്കോസ്തുകാരെയാണ് ഇവൻ ആദ്യം ഇന്റർവ്യൂ ചെയ്തത്. അതുകഴിഞ്ഞ് ക്നാനായ ബിഷപ്പിനെ ഇന്റർവ്യൂ ചെയ്തു. ദൈവവിളി കേട്ട് ഇറങ്ങുകയും ഇപ്പോൾ ദൈവവേല ചെയ്തുകൊണ്ടിരിക്കയും ചെയ്യുന്ന ഒരു വ്യക്തി എന്ന നിലയ്ക്കാണ് തോമസ്കുട്ടി ഈ ബിഷപ്പിനെ അവതരിപ്പിക്കുന്നത്. ക്നാനായ ബിഷപ്പ് ചെയ്യുന്നതു ദൈവവേലയാണെങ്കിൽ ക്നാനായ സഭ വിട്ട് ആയിരക്കണക്കിനാളുകൾ പെന്തക്കോസ്ത് ഉപദേശം സ്വീകരിച്ചത് തികഞ്ഞ തെറ്റാണെന്നതിനു സംശയമില്ല. അതുകൊണ്ട് റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ തോമസ്കുട്ടിയെ വിളിച്ചു വിശദീകരണം ചോദിച്ചു. കെ.സി.ജോൺ പറഞ്ഞിട്ടാണു തിരുമേനിയെ ഇന്റർവ്യൂ ചെയ്തതെന്നും മറ്റു ചില തിരുമേനിമാരേക്കൂടി ഇന്റർവ്യൂ ചെയ്തു കഴിഞ്ഞെന്നും തോമസ്കുട്ടി പറഞ്ഞു. കെ.സി. ജോൺ ചെകുത്താന്റെ ദാസനാണെന്നും പവ്വർ വിഷൻ സാത്താന്റെ ചാനലാണെന്നും ഡിഫെൻഡർ പലവട്ടം വ്യക്തമാക്കിയിട്ടുള്ളതാണ്. അതുകൊണ്ട് ആ വിഷയത്തേക്കുറിച്ച് വീണ്ടും പറയേണ്ടതില്ല. പക്ഷേ ഈ വിഷയത്തിൽ തോമസ്കുട്ടിയുടെ നിലപാടെന്ത്? സമുദായക്കാരായ തിരുമേനിമാരെ ദൈവദാസൻമാരായാണോ തോമസ്കുട്ടി പരിഗണിക്കുന്നത്? ഈ ചോദ്യത്തിന് തോമസ്കുട്ടി പറഞ്ഞ മറുപടി അവിശ്വസനീയമായി തോന്നി. പെന്തക്കോസ്തുകാരിൽ നിന്നു തോമസ്കുട്ടിക്ക് ഒട്ടേറെ ദുരനുഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അതുകൊണ്ട് തോമസ്കുട്ടി ഇപ്പോൾ പെന്തക്കോസ്തിന്റെ ഭാഗമല്ലെന്നുമാണ് അയാൾ പറഞ്ഞത്. തന്റെ ഭാര്യയും മക്കളും ഇപ്പോഴും പെന്തക്കോസ്ത് സഭയിൽ ആരാധനയ്ക്കു പോകുന്നുണ്ടെങ്കിലും തോമസ്കുട്ടി പെന്തക്കോസ്ത് ഉപദേശവും വിശ്വാസവും ഉപേക്ഷിച്ചു കഴിഞ്ഞു. ഇപ്പോൾ സമുദായക്കാരുമായാണ് സഹകരണം. അവരുടെ സഹായം കൊണ്ടാണു ജീവിച്ചുപോകുന്നത്.

ഇതാണു വസ്തുതയെങ്കിൽ ഇതു തോമസ്കുട്ടിയുടെ പത്രത്തിൽ എഴുതണമെന്നു ഞാൻ ആവശ്യപ്പെട്ടു. എഴുതാമെന്നു തോമസ്കുട്ടി സമ്മതിക്കുകയും ചെയ്തു. പക്ഷേ യൂദായുടെ പിൻമുറക്കാർ വാക്കുപാലിക്കുമെന്ന് ഉറപ്പില്ല. അതുകൊണ്ട് തോമസ്കുട്ടി പെന്തക്കോസ്ത് വിട്ടു എന്ന വസ്തുത ഡിഫെൻഡറിലൂടെ ഏവരേയും അറിയിക്കുകയാണ്. ഇനി ഇവൻ ഏതെങ്കിലും പെന്തക്കോസ്ത് സഭയിലോ പെന്തക്കോസ്ത് കൺവൻഷനിലോ എത്തിയാൽ ദൈവദാസൻ എന്ന നിലയിൽ സ്വീകരിക്കരുത്. ഇവൻ ഇടയ്ക്കൊക്കെ ഗൾഫിൽ ചുറ്റിക്കറങ്ങുന്നവനാണ്. അതുകൊണ്ട് ഗൾഫിലും മറ്റു വിദേശ രാജ്യങ്ങളിലും ഉള്ള പെന്തക്കോസ്തുകാർ സൂക്ഷിക്കുക. ഇവൻ നിങ്ങളുടെ രാജ്യത്തെത്തിയാൽ സ്വീകരിക്കുകയോ പണം കൊടുത്ത് വിഡ്ഢികളാകുകയോ ചെയ്യരുത്.

തോമസ്കുട്ടിയോടു ഡിഫെൻഡറിനു പറയാനുള്ളതിതാണ്: കർത്താവിനെ വിറ്റു തിന്നുന്നതിലും ഭേദം നിന്റെ ഭാര്യയെ വിറ്റു തിന്നുകയായിരുന്നു. സത്യം സത്യമായിപ്പറഞ്ഞാൽ നീയും കെ.സി.ജോണും മറ്റും ജനിക്കാതിരുന്നെങ്കിൽ നിങ്ങൾക്കു നന്നായിരുന്നു.




# ഷാജിയുടെ തന്ത്രം പാളി



തട്ടിപ്പുവീരനായ ഷാജി സുകുമാരൻ ഇപ്പോൾ ഇന്ത്യയിലുണ്ട്. പുതിയ ഇരകളെ കണ്ടെത്താനുള്ള ശ്രമത്തിലാണ് ഈ ചങ്ങാതി ഇപ്പോൾ. രണ്ടാഴ്ച മുൻപ് ചെങ്ങന്നൂരിൽ ഇയാൾ ഒരു ബുക്ക് സ്റ്റാൾ തുടങ്ങി. കട ഉദ്ഘാടനം ചെയ്യാൻ പ്രധാന പെന്തക്കോസ്ത് നേതാക്കൻമാരിൽ പലരേയും സമീപിച്ചെങ്കിലും ഫലമുണ്ടായില്ല. ഡിഫെൻഡറിലൂടെ അവരെല്ലാം ഷാജിയുടെ തനിനിറം കണ്ടിട്ടുണ്ടല്ലോ. ഒടുവിൽ ചർച്ച് ഓഫ് ഗോഡ് അസിസ്റ്റന്റ് ഓവർസിയറായ പാസ്റ്റർ പി.ജി. മാത്യൂസിനെ ഉദ്ഘാടകനായി ക്ഷണിച്ചു. ഷാജി എന്നു പേരുള്ള ഒരാൾ ഒരു ബുക്ക് സ്റ്റാൾ തുടങ്ങുന്നു എന്നു മാത്രമേ പി.ജി.മാത്യൂസ് അറിഞ്ഞിരുന്നുള്ളൂ. അതുകൊണ്ടാണ് ഉദ്ഘാടകനാകാൻ സമ്മതിച്ചത്. പക്ഷേ ഈ കള്ളന്റെ ബുക്ക് സ്റ്റാൾ പി.ജി.മാത്യൂസ് ഉദ്ഘാടനം ചെയ്യാൻ പോകുന്നു എന്നറിഞ്ഞയുടൻ ഡിഫെൻഡർ പി.ജി. മാത്യൂസിനെ സത്യമറിയിച്ചു. അതോടെ പി.ജി.മാത്യൂസ് ഉദ്ഘാടന മഹാമഹത്തിൽ നിന്നു പിൻമാറി. മറ്റൊരു പോംവഴിയും കാണാതായപ്പോൾ ഒരു അനാഥശാലക്കാരനേക്കൊണ്ടു ബുക്ക്സ്റ്റാൾ ഉദ്ഘാടനം ചെയ്യിച്ച് ഷാജി നിർവൃതിയടഞ്ഞു. പെന്തക്കോസ്ത് നേതാക്കൻമാരെ കണ്ട് ഇന്റർവ്യൂ നടത്തി ഷൈൻ ചെയ്യാനുള്ള ശ്രമത്തിലാണു ഷാജിയിപ്പോൾ.

## ചുമ്മാ ഡോകളുടെ ലിസ്റ്റ് തയ്യാറാക്കുന്നു

പെന്തക്കോസ്തിൽ ഏത്ര ചുമ്മാഡോകളുണ്ട്. അസംഖ്യം എന്നേ പറയാൻ കഴിയൂ. ചുമ്മാഡോകളുടെ ലിസ്റ്റ് എടുക്കുന്നതിലും എളുപ്പം പെന്തക്കോസ്തിലെ അസ്സൽ ഡോകളുടെ ലിസ്റ്റ് എടുക്കുകയാണ്. എങ്കിലും വായനക്കാരുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ പെന്തക്കോസ്തിലെ ചുമ്മാ ഡോകളുടെ ലിസ്റ്റ് എടുക്കാൻ തയ്യാറാകുകയാണ്. കിട്ടാവുന്നത്ര പേരുകൾ ശേഖരിച്ചശേഷം ലിസ്റ്റ് ഡിഫെൻഡറിന്റെ വെബ് സൈറ്റിൽ പ്രസിദ്ധികരിക്കും.

ഈ സംരംഭത്തിൽ ഡിഫെൻഡറിനു വായനക്കാരുടെ സഹായം ആവശ്യമാണ്. കെ.സി. ജോൺ, ബാബു ജോർജ്, കെ.ഒ. മാത്യു തുടങ്ങിയ പ്രമുഖ ചുമ്മാ ഡോകളേക്കുറിച്ചു ഡിഫെൻഡറിനറിയാം. പക്ഷേ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി അസംഖ്യം ചുമ്മാഡോകളുണ്ട്. ഇവരേയും ലിസ്റ്റിൽ ഉൾപ്പെടുത്താൻ ഡിഫെൻഡർ ആഗ്രഹിക്കുന്നു. അതുകൊണ്ട് നിങ്ങൾക്കു പരിചയമുള്ള വ്യാജൻമാരേക്കുറിച്ചു വിവരം തരുക. കത്തിടപാടുകൾ രഹസ്യമായി സൂക്ഷിക്കും.

# ബഥേലിന്റെ തട്ടിപ്പുകൾ ജനം തിരിച്ചറിയുന്നു



ഡിഫെൻഡറിൽ വരുന്ന വാർത്തകളെല്ലാം പച്ചക്കള്ളമാണെന്നും ബാലനു പണം കൊടുത്തു ചിലർ എഴുതിക്കുന്നതാണെന്നും മറ്റുമാണ് ബഥേൽ പി.ജേക്കബ് സാധാരണയായി പ്രചരിപ്പിക്കുന്നത്. പക്ഷേ കഴിഞ്ഞലക്കം ഡിഫെൻഡറിൽ ബഥേലുമായി ബന്ധപ്പെട്ടു വന്ന വാർത്ത പൊതുജനങ്ങൾക്കു വിശ്വസിക്കാതെ തരമില്ല എന്നു വന്നു.

സുവിശേഷ വിരോധികളുടെ എതിർപ്പുമൂലം ഗുജറാത്തിൽ ഒരു സുവിശേഷയോഗം ഇടയ്ക്കുവച്ചു നിർത്തേണ്ടതായി വന്നു എന്ന വാർത്ത ഭൂരിപക്ഷം പെന്തക്കോസ്ത് പത്രങ്ങളിലും വന്നിരുന്നു. പക്ഷേ അതിന്റെ പിന്നിൽ ബഥേലാണു പ്രവർത്തിച്ചതെന്ന വസ്തുത മറ്റു പത്രങ്ങൾ അറിഞ്ഞില്ല, അറിഞ്ഞവർ മിണ്ടിയുമില്ല. പക്ഷേ ഡിഫെൻഡർ സത്യം തുറന്നുപറഞ്ഞു. അങ്ങനെ ലോകമെമ്പാടുമുള്ള ദൈവമക്കൾ ബഥേലിന്റെ ശരിയായ മുഖം നേരിൽ കണ്ടു.

ഈ സുവിശേഷയോഗം കലക്കാൻ ബഥേൽ എന്തിനു തയ്യാറായി? ഗുജറാത്തിൽ ബഥേലിനോടൊപ്പം മുൻപു പ്രവർത്തിച്ചിരുന്നവരാണ് ഈ യോഗം സംഘടിപ്പിച്ചത്. ബഥേലിന്റെ ദുർന്നടപടികളിൽ മനം നൊന്ത് അവർ വിട്ടുപോകുകയും ഇപ്പോൾ സ്വതന്ത്രമായി പ്രവർത്തിക്കയുമാണ്. ഇവരെ വളരാൻ അനുവദിച്ചാൽ ബഥേലിന്റെ 'വേല' ഗുജറാത്തിൽ നടക്കാതാകും. അതുകൊണ്ടാണ് ബഥേൽ തന്റെ പണവും സ്വാധീനവും ഉപയോഗിച്ച് കൺവൻഷൻ കലക്കിയത്.

വിമത പക്ഷത്തിന്റെ കൺവൻഷൻ അലങ്കോലമാക്കിയതോടെ താൻ ജയിച്ചു എന്നാണ് ബഥേൽ കരുതിയത്. പക്ഷേ ഈ ഹീനമായ നടപടിമൂലം വിപരീത ഫലമാണുണ്ടായത്. സ്വന്തം കാര്യം നേടിയെടുക്കാനായി എന്തു ഹീനമായ കൃത്യവും ചെയ്യാൻ മടിയില്ലാത്തവനാണു ബഥേൽ എന്ന വസ്തുത ഈ സംഭവത്തോടെ ഏവർക്കും ബോദ്ധ്യമായി. നാളിതുവരെ ബഥേലിനെ അനുകൂലിച്ചിരുന്നവർ പോലും ഇതോടെ വിട്ടുപോയി.

# വേദവിപരീതം: ബിജി അഞ്ചൽ വഹ



ദൈവവചനം പ്രസംഗിക്കുന്ന ചുരുക്കം ചില പെന്തക്കോസ്ത് പ്രസംഗകരിൽ ഒരാളാണ് ബിജി അഞ്ചൽ. പക്ഷേ ഇദ്ദേഹവും ഇപ്പോൾ വേദവിപരീതങ്ങൾ പ്രസംഗിക്കാൻ തുടങ്ങിയിരിക്കുന്നു. കർത്താവായ യേശുക്രിസ്തു രാത്രിയിൽ വളരെസമയം പ്രാർത്ഥിച്ചിരുന്നു. അതു പാപത്തിൽ വീണുപോകാതെ ദൈവം യേശുവിനെ കാത്തുരക്ഷിക്കാൻ വേണ്ടിയായിരുന്നു എന്നാണ് ബിജി അഞ്ചൽ പറയുന്നത്. അദ്ദേഹം പറയുന്നത്: ''മരണത്തിൽ നിന്നു വിടുവിക്കാൻ കഴിവുള്ളവനോട് അവൻ പ്രാത്ഥനയും അഭയയാചനയും കഴിച്ചു എന്നു പറഞ്ഞാൽ എന്താണ്? രാത്രികാലങ്ങളിൽ മലമുകളിൽ പോയി കണ്ണുനീരോടെ പ്രാർത്ഥിച്ചതെന്തിനാണ്? പിറ്റേദിവസം അത്ഭുതം നടക്കാനോ? ഞാൻ പറയും, അല്ല. അവൻ പ്രാർത്ഥിച്ചത് മുഴുവനും ഒന്നാം ആദാം അനുസരണക്കേടിനാൽ ജഡത്തിൻമേൽ വരുത്തിവച്ച മരണത്തിന്റെ ശക്തിയുണ്ട്. അതുപോലൊരു അനുസരണക്കേടുനിമിത്തം എനിക്കൊരു മരണം സംഭവിക്കാതെ, അറിഞ്ഞോ അറിയാതെയോ ഒരു പാപം എന്നിൽ വരാതെ, രക്ഷിക്കണേന്ന് നിലവിളിച്ചപ്പോൾ സ്വർഗ്ഗത്തിലെ അപ്പൻ അവനോടു പറഞ്ഞു, ഇല്ല, ഒരു പാപവും ചെയ്യാൻ കഴിയാത്തവിധം എന്റെ ആത്മാവിനെ ഞാൻ നിന്റേമേൽ ആക്കിവച്ച്, ആത്മാവിൽ നിറഞ്ഞ്, ആത്മാവിൽ ശക്തിപ്പെട്ട്, ആത്മാവിൽ നടക്കുന്ന ഒരു ജീവിതം ഞാൻ നിനക്കു തരാൻ പോകുകയാണ്.'' ഇതു ദുരുപദേശമല്ലെങ്കിൽ പിന്നെ എന്താണ്? ബിജി അഞ്ചൽ ഇങ്ങനെയൊന്നും പറയുകയില്ല എന്നു കരുതുന്നവർ ഈ പ്രസംഗം കേൾക്കു: http://tsbalan.com/youtube.html

# പുസ്തക പ്രകാശനം ചെയ്തെന്ന്

പുസ്തകം പ്രകാശനം ചെയ്യാം, പുസ്തക പ്രകാശനം നടത്താം, പക്ഷേ പുസ്തക പ്രകാശനം ചെയ്യാൻ പറ്റില്ല. എന്നാൽ മരുപ്പച്ച ഈ അസാദ്ധ്യ കാര്യം സാദ്ധ്യമാക്കിയിരിക്കുന്നു. സംശയമുള്ളവർ മാർച്ച് 5 ലക്കം മരുപ്പച്ചയുടെ 8-ാം പേജ് നോക്കുക. ''പുസ്തക പ്രകാശനം ചെയ്തു'' എന്നൊരു വാർത്ത അവിടെ ഫോട്ടോ സഹിതം കാണാം. ഇങ്ങനെയൊക്കെ എഴുതിവയ്ക്കുന്നത് സുഭാഷിതമോ വചനഘോഷണമോ ആ നിലവാരത്തിലുള്ള ഏതെങ്കിലും പത്രമോ ആണെങ്കിൽ അതു തികച്ചും സ്വാഭാവികമാണ്. പക്ഷേ മാലയാളഭാഷയെ ഏറെയൊന്നും പീഡിപ്പിക്കാത്ത മരുപ്പച്ച പുസ്തക പ്രകാശനം ചെയ്തതു മഹാ മോശമായിപ്പോയി.

# നഗ്മ, നഗ്മ, സർവ്വം നഗ്മമയം

ഒന്നാം പേജിൽ അടിച്ചു വിടാൻ കൺവൻഷൻ വാർത്തകളല്ലാതെ ഒന്നും കിട്ടാതെ വിഷമിച്ചിരുന്ന പെന്തക്കോസ്ത് പത്രങ്ങൾക്കു നഗ്മയുടെ മാനസാന്തരം ഒട്ടൊന്നുമല്ല ആശ്വാസം പകർന്നത്. ഒന്നാം പേജിൽ മാത്രമല്ല ഉൾപ്പേജുകളിലും നഗ്മ നിറഞ്ഞു തുളുമ്പി. നഗ്മയുടെ സൗന്ദര്യം ഒട്ടും ചോർന്നുപോകാതിരിക്കാൻ മിക്കവരും കളറിലാണ് ചിത്രങ്ങൾ പ്രസിദ്ധീകരിച്ചത്. ഇതൊക്കെ കണ്ടപ്പോൾ ഡിഫെൻഡറിന് ഒരു സംശയം: നഗ്മ കർത്താവായ യേശുക്രിസ്തുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചതിന് എന്തിനാണപ്പാ ഇത്ര ബഹളം വയ്ക്കുന്നത്?

കോഹിന്നൂർ രത്നം റ്റി.എസ്.ബാലൻ എന്ന ഈയുള്ളവനു തികച്ചും സൗജന്യമായി കിട്ടി എന്നിരിക്കട്ടെ. അതുകൊണ്ടു മഹത്വമുണ്ടാകുന്നതാർക്ക്? റ്റി.എസ്.ബാലനോ കോഹിന്നൂർ രത്നത്തിനോ? സംശയം വേണ്ട, റ്റി.എസ്.ബാലനു തന്നെ. പരമദരിദ്രനായ റ്റി.എസ്.ബാലന് കോഹിന്നൂർ രത്നം കിട്ടിയാൽ അതോടെ റ്റി.എസ്.ബാലൻ കോടീശ്വരനാകും. പക്ഷേ റ്റി.എസ്.ബാലന്റെ കൈയ്യിൽ ഇരിക്കുന്നതുകൊണ്ട് കോഹിന്നൂർ രത്നത്തിന് വിശേഷിച്ചു മഹത്വമൊന്നും കിട്ടുകയുമില്ല. എന്തുകൊണ്ടാണ് ഇവിടെ കോഹിന്നൂർ രത്നത്തിന്റെ കാര്യം പറഞ്ഞതെന്നറിയാമോ? ഇല്ലെങ്കിൽ അല്പം വിശദമായി പറയാം:

സ്വർഗ്ഗരാജ്യത്തേക്കുറിച്ച് നിരവധി ഉപമകൾ കർത്താവു പറഞ്ഞിട്ടുണ്ട്. അവയിൽ ഒന്ന് ഇപ്രകാരമാണ്: ''സ്വർഗ്ഗരാജ്യം നല്ല മുത്ത് അന്വേഷിക്കുന്ന ഒരു വ്യാപാരിയോടു സദൃശം. അവൻ വിലയേറിയ ഒരു മുത്തു കണ്ടെത്തിയപ്പോൾ ചെന്നു തനിക്കുള്ളതൊക്കെയും വിറ്റ് അതു വാങ്ങി.''

ഈ വ്യാപാരിയുടെ കൈയ്യിൽ എത്തിയതുകൊണ്ട് ആ മുത്തിനു വിശേഷാൽ ഭാഗ്യമൊന്നും ഉണ്ടായില്ല. പക്ഷേ തനിക്കുള്ളതെല്ലാം വിറ്റിട്ടായാലും ആ മുത്തു വാങ്ങാൻ കഴിഞ്ഞത് ആ വ്യാപാരിയുടെ ഭാഗ്യമാണ്. കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നവരുടെയെല്ലാം സ്ഥിതി ഇതാണ്.

റ്റി.എസ്.ബാലൻ കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചതുകൊണ്ട് കർത്താവിനല്ല റ്റി.എസ്.ബാലനാണു ഗുണമുണ്ടായത്. 'റ്റി.എസ്.ബാലൻ പോലും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു'



എന്നു പറഞ്ഞ് ആരും അത്ഭുതപ്പെടുമെന്നും തോന്നുന്നില്ല.

നഗ്മ യേശുവിനെ സ്വീകരിച്ചാലും ഇല്ലെങ്കിലും യേശു വലിയവനാണ്. നഗ്മ യേശുവിനെ സ്വീകരിച്ചതുമൂലം യേശുവിനല്ല നഗ്മയ്ക്കാണു ഗുണമുണ്ടായത്. ഭിക്ഷക്കാരന്റെ ആത്മാവും നഗ്മയുടെ ആത്മാവും അമേരിക്കൻ പ്രസിഡന്റിന്റെ ആത്മാവും ദൈവത്തിന് ഒന്നുപോലെയാണ്.

ഇതൊക്കെയാണു വസ്തുതയെങ്കിലും വലിയവരാരെങ്കിലും യേശുക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ പെന്തക്കോസ്തുകാർ അതിരുകടന്നു സന്തോഷിക്കുന്നു. എന്തുകൊണ്ട്? അല്പം ആലോചിച്ചാൽ ആ രഹസ്യം പിടികിട്ടും.

നമ്മുടെയുള്ളിൽ ഒരു അപകർഷതാബോധമുണ്ട്. 'ഞാൻ പെന്തക്കോസ്തുകാരനാണ്' എന്നു വലിയവരുടെ മുൻപിൽ ഏറ്റു പറയാൻ നാം മടിക്കുന്നതും ഇതുകൊണ്ടുതന്നെ. അങ്ങനെയിരിക്കുമ്പോഴാണ് ഏതെങ്കിലും രാഷ്ട്രീയ നേതാവോ സിനിമാ താരമോ യേശുവിനെ സ്വീകരിച്ചു എന്നു കേൾക്കുന്നത്. നാം സന്തോഷംകൊണ്ടു മതിമറക്കുന്നു. ''കണ്ടോ, നമ്മുടെ സഭ അത്ര മോശമൊന്നുമല്ല'' എന്ന് പറയാതെ പറയുകയാണ് ഈ ആഘോഷത്തിലൂടെ. (മാധവിക്കുട്ടി പെന്തക്കോസ്തിൽ ചേർന്നിരുന്നെങ്കിൽ എന്താകുമായിരുന്നു പുകില്?)

വലിയവരാരെങ്കിലും യേശുക്രിസ്തുവിനേക്കുറിച്ച് ഒരു നല്ലവാക്കു പറഞ്ഞാൽ അതുപോലും നമ്മൾ വലിയ വാർത്തയാക്കും. ഇങ്ങനെ എന്തെങ്കിലും ഒരു വാക്ക് വീണുകിട്ടാനായി നാം രാഷ്ട്രീയക്കാരേയും മറ്റും കൺവൻഷൻ ഉദ്ഘാടനം ചെയ്യാൻ വിളിച്ചുവരുത്തുകയും ചെയ്യും. ''യേശുക്രിസ്തു ഒരു അവതാരപുരുഷനായിരുന്നു'' എന്ന് മന്ത്രി പ്രസ്താവിച്ചിരിക്കുന്നു. അമേൻ, ഹാലേലൂയ്യാ. സകലമാന പെന്തക്കോസ്ത് പത്രങ്ങളിലും മന്ത്രിയുടെ പ്രസ്താവന ഒന്നാം പേജിൽ അടിച്ചുവരും.

''സൂര്യനാണു നമുക്കു വെളിച്ചം തരുന്നത്'' എന്ന് ഏതെങ്കിലും മന്ത്രി പറഞ്ഞാൽ അത് ഏതെങ്കിലും പത്രം വാർത്തയാക്കുമോ? ഒരുപക്ഷേ കൗതുകവാർത്തകളുടെ കൂട്ടത്തിൽ ഈ പ്രസ്താവന ഉൾപ്പെടുത്തിയേക്കാം. മന്ത്രി പറഞ്ഞതു തികഞ്ഞ സത്യമാണ്. പക്ഷേ ഏവർക്കും അറിയാവുന്ന ഈ സത്യം മന്ത്രി വിശേഷിച്ചു പറയേണ്ടതില്ല. പറഞ്ഞാൽ വാർത്തയാകുകയുമില്ല. പക്ഷേ നിസ്തുലനായ ക്രിസ്തുവിനേക്കുറിച്ചു വലിയവരാരെങ്കിലും ഒന്നു പുകഴ്ത്തിപ്പറഞ്ഞാൽ നാം അതു വാർത്തയാക്കും. കാരണം, യേശുവിന്റെ മഹത്വത്തേക്കുറിച്ചു നമുക്ക് അത്ര ഉറപ്പില്ല. പക്ഷേ മന്ത്രി പറഞ്ഞപ്പോൾ അല്പം വിശ്വാസം തോന്നുന്നു. യേശു മാത്രമാണു ലോകരക്ഷിതാവെന്ന കാര്യത്തിലും നമുക്ക് അത്ര ഉറപ്പില്ല. നഗ്മ യേശുവിനെ സ്വീകരിച്ചെന്നു കേട്ടപ്പോൾ നമ്മുടെ വിശ്വാസം അല്പം വർദ്ധിച്ചു. അതാണതിന്റെ ഗുട്ടൻസ്. ഇത്രയുമൊക്കെ പറഞ്ഞപ്പോൾ ഒരു സംശയം: നഗ്മ യേശുവിനെ തള്ളിക്കളഞ്ഞാൽ നമ്മുടെ വിശ്വാസം ഇല്ലാതാകുമോ?

# ഡിഫെൻഡർ മറുപടി പറയുന്നു

**?** നഗ്മ ക്രൈസ്തവ വിശ്വാസം സ്വീകരിച്ചു എന്ന് പെന്തക്കോസ്ത് പത്രങ്ങളിൽ കണ്ടു. പക്ഷേ അവർ സിനിമയിൽ തുടർന്നും അഭിനയിക്കും എന്നൊരു വാർത്തയും കേട്ടു. ഇപ്പോഴിതാ അവർ കോൺഗ്രസ്സ് ടിക്കറ്റിൽ പാർലമെന്റിലേക്കു മത്സരിക്കാൻ പദ്ധതിയിടുന്നതായി അറിയുന്നു. ആകെക്കൂടി ഒരു കൺഫ്യൂഷൻ.

■ ഇതിൽ കൺഫ്യൂഷനുണ്ടാകേണ്ട കാര്യമില്ല. നാം വിചാരിക്കുന്ന രൂപത്തിലുള്ള ഒരു വിശ്വാസിയായി നഗ്മ മാറിയിട്ടില്ല എന്നതുതന്നെ കാരണം.

എ.പി.മൊറാർജി എന്ന ഹിന്ദുവിന് സീമ സാധന എന്ന മുസ്ലീം സ്ത്രീയിൽ ജനിച്ച മകളാണ് നഗ്മ. നന്ദിത മൊറാർജിയെന്നും നർമ്മദ സാധന എന്നും പേരുള്ള നഗ്മ ഹിന്ദുവായാണു കഴിഞ്ഞിരുന്നത്. പക്ഷേ നഗ്മയുടെ ചെറുപ്പത്തിൽത്തന്നെ മാതാപിതാക്കൾ വേർപിരിഞ്ഞതുമൂലം മാതാപിതാക്കളുടെ സ്നേഹം ലഭിക്കാതെയാണു നഗ്മ വളർന്നത്. ഇതു നഗ്മയുടെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുമുണ്ട്. അമ്മയുടെ പ്രേരണയാൽ സിനിമയിലെത്തിയ നഗ്മ സിനിമയിൽ വിജയിക്കുകയും ചെയ്തു. പക്ഷേ സ്നേഹവും സന്തോഷവും സമാധാനവും തേടി നഗ്മ ഏറെ അലയേണ്ടതായിവന്നു. എന്നാൽ ഒരിടത്തും ഉറച്ചു നിൽക്കാൻ നഗ്മയ്ക്കു കഴിഞ്ഞില്ല.

സിനിമയിൽ അവസരങ്ങൾ കുറയുന്നു എന്നു തോന്നിയപ്പോൾ നഗ്മ രാഷ്ട്രീയത്തിലേക്കിറങ്ങി. കോൺഗ്രസ്സ് രാഷ്ട്രീയമാണ് നഗ്മയ്ക്കു സ്വീകാര്യമായി തോന്നിയത്. പക്ഷേ ഈ രംഗത്തു നഗ്മ വിജയിച്ചു എന്നു പറയാനാവില്ല. ഇലക്ഷൻ യോഗങ്ങളിലേക്കു ജനത്തെ ആകർഷിക്കാനുള്ള ഒരു മാർഗ്ഗം എന്ന നിലയ്ക്കാണു കോൺഗ്രസ്സ് ഇപ്പോഴും നഗ്മയെ ഉപയോഗിക്കുന്നത്. ഇത്തവണ ഒരു ടിക്കറ്റ് ഒപ്പിച്ചെടുക്കാൻ നഗ്മ പെടാപ്പാടു പെടുന്നുണ്ടെങ്കിലും അതു സാധിക്കുമോ എന്നു കണ്ടുതന്നെ അറിയണം.

വിശ്വാസിയായ ഒരു സ്ത്രീക്ക് രാഷ്ട്രീയത്തിലും സിനിമയിലും മറ്റും തുടരാൻ കഴിയുമോ എന്നതാണല്ലോ ചോദ്യം. കക്ഷിരാഷ്ട്രീയം അതിൽത്തന്നെ ഒരു പാപമല്ല. പക്ഷേ ഇന്നത്തെ രാഷ്ട്രീയക്കളികളുമായി പൊരുത്തപ്പെടാൻ യഥാർത്ഥ വിശ്വാസിക്കു കഴിയുന്നതുമല്ല. അതുകൊണ്ട് വിശ്വാസികൾ കക്ഷിരാഷ്ട്രീയത്തിൽ നിന്ന് അകന്നു നിൽക്കുകയാണു നല്ലത്.

വിശ്വാസിക്കു സിനിമയിൽ അഭിനയിക്കാമോ എന്നതാണ് മറ്റൊരു ചോദ്യം. സിനിമയും അതിൽത്തന്നെ ഒരു പാപമാണെന്നു പറയാനാവില്ല. പക്ഷേ ക്രൈസ്തവ വിശ്വാസത്തെ ബലികഴിക്കാതെ ഇന്നത്തെ സിനിമയുമായി സഹകരിക്കാൻ പറ്റില്ല എന്നതാണു വസ്തുത. സ്ഥല പരിമിതിമൂലം വിശദാംശങ്ങളിലേക്കു കടക്കുന്നില്ല.

ഏതു തരം വേഷങ്ങളിലാണ് നഗ്മ അഭിനയിക്കേണ്ടി വരുക? അവർ കഴിഞ്ഞ കാലങ്ങളിൽ അഭിനയിച്ചിരുന്നതിൽ നിന്നു വലിയ വ്യത്യാസമില്ലാത്ത വേഷങ്ങളിൽ എന്നാകും ഉത്തരം. അതിന് അവർ തയ്യാറാകുന്നില്ലെങ്കിൽ സിനിമയിൽ പിടിച്ചു നിൽക്കാനാവില്ല എന്നു തീർച്ച. പക്ഷേ യഥാർത്ഥ വിശ്വാസിയായിരുന്നുകൊണ്ട് ഇത്തരം വേഷങ്ങൾ ചെയ്യാൻ പറ്റില്ല. അത്രയ്ക്കു വഷളായിരുന്നു ആ വേഷങ്ങളിൽ പലതും. എന്നൊക്കെ ന്യായം പറഞ്ഞാലും ഒരു വിശ്വാസിക്ക് ഇത്തരത്തിലുള്ള വേഷങ്ങളിൽ അഭിനയിക്കാനാവില്ല.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും നഗ്മയുടെ വിശ്വാസം എത്രത്തോളം ആഴമാണ് എന്ന പ്രശ്നം ഉത്തരമില്ലാതെ അവശേഷിക്കുന്നു. സമാധാനം കിട്ടാനായി നഗ്മ യേശുവിനെ അഭയം പ്രാപിച്ചു എന്നേയുള്ളൂ എങ്കിൽ വീണ്ടുംജനനം നടന്നിട്ടില്ല, രക്ഷിക്കപ്പെട്ടിട്ടുമില്ല. ഇത്തരം സ്ഥിതിയിലുള്ള ഒരാൾക്ക് യേശുവിനെ തള്ളിക്കളയാനും വലിയ ബുദ്ധിമുട്ടുണ്ടാകില്ല. കഴിഞ്ഞ ചില വർഷങ്ങളായി ഇത്തരം നിരവധി 'മാനസാന്തരങ്ങൾ' ഉണ്ടായിട്ടുമുണ്ട്. ഇവരിൽ ചിലരെയൊക്കെ പെന്തക്കോസ്തുകാരും എഴുന്നെള്ളിച്ചുകൊണ്ടു നടന്നിരുന്നു. പക്ഷേ ഒന്നോ രണ്ടോ വർഷം കഴിഞ്ഞപ്പോൾ ഇവരെല്ലാം പഴയ സ്ഥിതിയിലായി. നഗ്മയുടെ മാനസാന്തരം ഇത്തരത്തിലുള്ളതാകാതിരിക്കട്ടെ.

ഒന്നിലും ഉറച്ചു നിൽക്കാത്ത പ്രകൃതക്കാരിയാണു നഗ്മ. അവർ അടുത്ത നിമിഷം എന്തു പറയുമെന്നോ എന്തു ചെയ്യുമെന്നോ പ്രവചിക്കാനാവില്ല. ഒരുവൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടിയായി എന്നു ദൈവവചനം പറയുന്നു. നഗ്മ ഈ വിധത്തിൽ പുതിയ സൃഷ്ടിയായെങ്കിൽ നല്ലത്. അല്ലെങ്കിൽ അവർ ഏറെ താമസിയാതെ മറ്റേതിലേക്കെങ്കിലും ചാടും. അതു രാഷ്ട്രീയമാകാം, മതവിശ്വാസമാകാം, വിവാഹമാകാം, അങ്ങനെ എന്തും. ഈ സാദ്ധ്യതകളൊക്കെ മുൻകൂട്ടി കണ്ടുകൊണ്ടുവേണം നാം അവരെ എഴുന്നെള്ളിക്കുന്നത്. കുറെക്കാലം പ്രസംഗിച്ചു നടന്നിട്ട് അവർ ക്രിസ്തുവിനെ തള്ളിപ്പറഞ്ഞു മറ്റേതെങ്കിലും മതത്തിലേക്കുപോയാൽ ആകെ നാണക്കേടാകും.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കന്മാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9656432921 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കൂറിയർ/ സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

<u>Address:</u>

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# മോനച്ചന്റെ ഇതിഹാസം



കള്ളപ്രവാചകനായ മോനച്ചനേക്കുറിച്ച് ഡിഫെൻഡർ എഴുതാൻ തുടങ്ങിയിട്ട് മാസങ്ങൾ പലതായി. ഇയാളുടെ വിക്രിയകളേക്കുറിച്ച് ലോകമെമ്പാടുമുള്ള ദൈവമക്കൾ മനസ്സിലാക്കുകയും ചെയ്തുകഴിഞ്ഞു. അതുകൊണ്ട് ഇനി ഈ പരമ്പര തുടരേണ്ടതില്ല എന്നാണ് ഡിഫെൻഡർ കരുതിയിരുന്നത്. എന്നാൽ ഈ നീചനേക്കുറിച്ചു മിക്ക ദിവസങ്ങളിലും പുതിയ വിവരങ്ങൾ കിട്ടിക്കൊണ്ടിരിക്കയാണ്. അവയിൽ പലതും അതീവ ഗൗരവമുള്ളവയുമാണ്. അതുകൊണ്ട് ചില സംഭവങ്ങൾ കൂടി വിവരിക്കയാണ്.

സംഭവം നടന്നത് അബുദാബിയിലാണ്. അക്കാലത്തും മോനച്ചൻ ഒന്നാംതരം കള്ളപ്രവാചകനായിരുന്നു. പക്ഷേ ഇത്രത്തോളം പണക്കാരനോ പ്രസിദ്ധനോ ആയിരുന്നില്ല എന്നു മാത്രം. ബന്ധുക്കളോടൊപ്പമാണു മോനച്ചൻ താമസിച്ചിരുന്നത്. സമീപത്തുള്ള ഒരു വീട്ടിലെ വേലക്കാരിയുമായി മോനച്ചന് അവിഹിതബന്ധവുമുണ്ടായിരുന്നു. പക്ഷേ മോനച്ചന്റെ വീക്ക്നസ്സ് അക്കാലത്തും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം മോനച്ചൻ മാർതോമ്മാക്കാരായ ഒരു കുടുംബവുമായി പരിചയപ്പെട്ടു. ആ വീട്ടിൽ ഏകദേശം 14 വയസ്സുള്ള ഒരു പെൺകുട്ടിയുണ്ടായിരുന്നു. ക്രമേണ ആ പെൺകുട്ടി മോനച്ചന്റെ വലയിലായി. പക്ഷേ ഒരു പ്രശ്നം: ആഗ്രഹപൂർത്തികരണത്തിനുള്ള സൗകര്യം അവിടെയില്ല. അതുകൊണ്ട് മോനച്ചൻ ഒരു അടവു പ്രയോഗിച്ചു. ഈ പെൺകുട്ടിക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നും ആ പ്രാർത്ഥന നടക്കുമ്പോൾ മോനച്ചനും ആ പെൺകുട്ടിയും മാത്രമേ വീട്ടിൽ ഉണ്ടാകാവൂ എന്നും പറഞ്ഞു മാതാപിതാക്കളെ വിശ്വസിപ്പിച്ചു. പറയുന്നത് അത്യുഗ്രൻ പ്രവാചകനായതുകൊണ്ട് അവർ വിശ്വസിച്ചു. അങ്ങനെ മാതാപിതാക്കളുടെ അസാന്നിദ്ധ്യത്തിൽ മോനച്ചൻ പ്രാർത്ഥന നടത്തി. എന്താണു നടന്നതെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ആരും വന്നു ശല്യമുണ്ടാക്കാതിരിക്കാൻ മേല്പടി വേലക്കാരി കാവൽ നിൽക്കയും ചെയ്തു. പക്ഷേ സംഭവം പരസ്യമായി. അതോടെ മോനച്ചൻ ബന്ധുവീട്ടിൽ നിന്ന് ഔട്ടായി.

# ഇവനും പ്രസംഗകനാണ്

ശാരോനിൽ കൺവൻഷൻ പ്രസംഗകർ ഏറെയില്ല. ഏറ്റവും അധികം അറിയപ്പെടുന്ന ശാരോൻ പ്രസംഗകൻ കെ.എ.ഏബ്രഹാമാണ്. വായ് തുറന്നാൽ വിവരക്കേടേ എഴുന്നെള്ളിക്കൂ. അജി തോമസ് എന്ന വിദ്വാനും ശാരോനിലെ പ്രസംഗകനാണ്. വിവരക്കേടിന്റെ കാര്യത്തിൽ അജിയും മേല്പടിതന്നെ. ഈ ചങ്ങാതി ഈയിടെ പത്രക്കാരെ മലയാളം പഠിപ്പിച്ചു. 'ആത്മഹത്യ' എന്നെഴുതരുത് എന്നായിരുന്നു ഉപദേശം. ആത്മാവ് അമർത്യമാണ്, ആത്മാവിനെ കൊല്ലാൻ പറ്റില്ല. പക്ഷേ ശരീരത്തെ കൊല്ലാം. അതുകൊണ്ട് ആത്മഹത്യ എന്നല്ല ശരീരഹത്യ എന്നുവേണം എഴുതാൻ. (ബലേ ഭേഷ്).

അങ്ങനെയെങ്കിൽ ആത്മകഥ ആത്മാവിന്റെ കഥയും ആത്മഗതം ആത്മാവിന്റെ ഗതവും ആണെന്നു വരും. ആത്മമിത്രം ആത്മാവിന്റെ മിത്രവും ആത്മസുഹൃത്ത് ആത്മാവിന്റെ സുഹൃത്തുമാണ്. ആത്മവഞ്ചന എന്നത് ആത്മാവിനെ വഞ്ചിക്കുന്ന പരിപാടിയാണ്. ആത്മാഭിമാനം ഉള്ളവന്റെ ആത്മാവിന് ഒന്നാംതരം അഭിമാനമുണ്ടെന്നു തീർച്ച. ഇവനെയൊക്കെ പ്രസംഗിക്കാൻ വിളിക്കുന്നവനെ മുള്ളുമുരിക്കിന്റെ പത്തലുകൊണ്ടു തല്ലണം.



# സുരേഷിനു പണിയില്ല



കേരളത്തിന്റെ മുക്കിലും മൂലയിലും വരെ കൺവൻഷനുകൾ പൊടിപൊടിക്കയാണ്. പക്ഷേ ഇതിനിടയിൽ സുരേഷ് ബാബു അമേരിക്കയിലേക്കു കടന്നിരിക്കുന്നു. എന്തുകൊണ്ട്? സംഗതി പരമ രഹസ്യമാണ്. സുരേഷിന് ഇക്കൊല്ലം പ്രോഗ്രാം ഇല്ലെന്നു പറയാം. ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം മാത്രമേ പണിയുള്ളൂ. ആകെ നാണക്കേടായി. എന്താണ് ഇതിനൊരു പോംവഴി? വളരെ ആലോചിച്ച് ഒരു പരിഹാരം കണ്ടുപിടിച്ചു. അമേരിക്കയിലേക്കു കടക്കുക. ''എന്താ പ്രോഗ്രാമൊന്നുമില്ലേ?'' എന്ന ചോദ്യത്തിൽ നിന്നു രക്ഷപ്പെടാൻ വേറെ മാർഗ്ഗമില്ല.

അങ്ങനെ സുരേഷ് അമേരിക്കയിലെത്തി. മാർച്ച് 14-15 തീയതികളിൽ ഫിലാഡൽഫിയ ഫുൾ ഗോസ്പൽ ചർച്ചിലും 16-17 തീയതികളിൽ സ്റ്റാഫോഡ് സൗത്ത് വെസ്റ്റ് ചർച്ച് ഓഫ് ഗോഡിലുമാണ് ഇവന്റെ കലാപരിപാടി. ഇതിനു മുൻപോ ശേഷമോ മറ്റു സഭകളിലും പ്രസംഗിച്ചേക്കാം. കൺവൻഷൻ സീസൺ കഴിയുന്നതുവരെ അമേരിക്കയിൽ കറങ്ങി നടക്കാനാണ് പദ്ധതി. അമേരിക്കയിൽ വിഡ്ഢികൾക്കു പഞ്ഞമില്ലാത്തതുകൊണ്ട് സുരേഷിന് അഷ്ടിക്കു മുട്ടുവരില്ല. എങ്കിലും സുരേഷിനെ പ്രസംഗിക്കാൻ വിളിക്കുന്നവരോടു ഡിഫെൻഡറിനു പറയാനുള്ളതിതാണ്: സുരേഷ് എത്തുന്നതിനു മുൻപ് നിങ്ങളുടെ ഭാര്യയേയും പെൺമക്കളേയും സുരക്ഷിതസ്ഥാനങ്ങളിലാക്കാൻ ശ്രദ്ധിക്കുക. അല്ലെങ്കിൽ നിങ്ങൾ ദു:ഖിക്കേണ്ടതായിവരും.

# അജ്ഞൻ കുരിശായി

സ്വർഗ്ഗത്തിലേക്കു പ്രവേശിക്കാനുള്ള താക്കോലാണു കുരിശെന്നു മാർ ക്രിസോസ്റ്റം പ്രഖ്യാപിച്ചു. കുരിശെന്നു പറഞ്ഞാൽ മേശപ്പുറത്തു വച്ചിരിക്കുന്ന സാക്ഷാൽ കുരിശ്. അതൊരെണ്ണം കൈയ്യിലുണ്ടെങ്കിൽ സ്വർഗ്ഗം തുറന്ന് അകത്തു കയറാം. സമുദായക്കാരനായ തിരുമേനിക്ക് ഇത്തരം വിവരക്കേട് എഴുന്നെള്ളിക്കാൻ ശങ്കിക്കേണ്ടതില്ല. പക്ഷേ ഐ.പി.സിയുടെ കൗൺസിൽ അംഗമായ അച്ചൻകുഞ്ഞ് ഇലന്തൂർ ഈ പ്രഖ്യാപനം മരുപ്പച്ചയുടെ ഒന്നാം പേജിൽ അടിച്ചുവിട്ടിരിക്കുന്നു. ഇതു വായിച്ച് ചിലരെങ്കിലും കുരിശുവണക്കം തുടങ്ങിയേക്കാം. അച്ചൻകുഞ്ഞ് ഇലന്തൂർ എന്ന ഈ കുരിശ് പെന്തക്കോസ്തിൽ നിന്നു നീങ്ങിക്കിട്ടാൻ എന്താണാവോ ചെയ്യേണ്ടത്?

# എടയന്മാർ സംഗമിക്കുന്നു




ഇടയൻമാർ തിരുവനന്തപുരത്തു സമ്മേളിക്കുന്നു. മാർച്ച് 30ന് ഈ മഹാസംഭവമുണ്ടാകും. പാളയത്തുള്ള ഭാഗ്യമാല ആഡിറ്റോറിയത്തിലാണു സംഗമം നടക്കുക. മഹായിടയനായ കുമാരപുരം സുരേഷാണു സംഘാടകൻ. നിയമമന്ത്രി എം.വിജയകുമാർ, കോൺഗ്രസ്സ് നേതാവായ വി.എസ്.ശിവകുമാർ എന്നീ ഇടയൻമാരും മുൻനിരയിൽ തന്നെയുണ്ടാകും. ചുമ്മാ ഡോ.കെ.സി.ജോൺ, കെ.സി.തോമസ്, ചുമ്മാ ഡോ.ബാബു ജോർജ്, എം.കുഞ്ഞപ്പി, റവറണ്ടണ്ടൻമാരായ എ.എസ്.ജോയി, എൻ.പീറ്റർ, ഡി.സി.സാമുവൽ, കെ.സി.പാറക്കടവിൽ, പോൾ കെ.ചന്ദ്രൻ എന്നീ ഇടയൻമാരും നേതൃത്വം നൽകും. റവയായിട്ടില്ലാത്ത ഡാനിയേൽ കൊന്നുനിൽക്കുന്നതിൽ ഒപ്പമുണ്ട്.

കെ.കരുണാകരൻ, കെ.മോഹൻകുമാർ, സജി കെ.ചേരമൻ, എ.എം.ഡാനിയേൽ, എൽ.കെ.സണ്ണി, എം.പി.ജോസഫ്, ഡി.സത്യനേശൻ, സി.എസ്.മണി, എ.തോമസ്കുട്ടി, രാജു മാത്യു, എം.ആർ.ജോയി എന്നീ പേരുകൾ പോസ്റ്ററിലുണ്ടെങ്കിലും ഇവരൊക്കെ എന്താണു ചെയ്യാൻ പോകുന്നതെന്ന് അറിഞ്ഞുകൂടാ. റാലി ഉണ്ടായിരിക്കും എന്നൊരു അടിക്കുറിപ്പുമുണ്ട്. എം.വിജയകുമാർ, വി.എസ്.ശിവകുമാർ, കെ.കരുണാകരൻ തുടങ്ങിയവരൊക്കെ ഇടയൻമാരാണെന്ന പരമരഹസ്യം ഈ വൈകിയ വേളയിലെങ്കിലും മാലോകരെ അറിയിച്ചതിൽ സന്തോഷമുണ്ട്. ഏപ്രിൽ രണ്ടിന് റാലി നടത്താൻ കഴിയാതെ പോയതിലുള്ള ദു:ഖം ഈ റാലിയിൽ പങ്കെടുത്തു തീർക്കാൻ കെ.സി.ജോണിനു കഴിയും. റ്റി.ജെ.ശാമുവൽ സ്ഥലത്തില്ലാത്ത തക്കം നോക്കി നേതാവു ചമയാൻ ബാബു ജോർജിനും കഴിയും. ഇവനൊക്കെ മേയിക്കുന്ന ആടുകളെ ഓർത്തു ദു:ഖിക്കയേ നിവൃത്തിയുള്ളൂ.



# അവറാന്റെ തിരുവായ്മൊഴികൾ

അവറാന്റെ ജ്ഞാനം അപാരംതന്നെ. ആ തിരുവായൊന്നു തുറന്നാൽ വിജ്ഞാനം പ്രവഹിക്കുകയായി. കണ്ണൂർ ജില്ലയിലുള്ള ചിലർ ഈ ജ്ഞാനപ്രവാഹത്തിൽ ഈയിടെ ആറാടുകയും ചെയ്തു. ഇതാ സാമ്പിൾ:

1. GOOD NEWS എന്നു പറഞ്ഞാൽ സുവിശേഷമാണെന്നു നമുക്കറിയാം. പക്ഷേ ഈ വാക്ക് എങ്ങനെ ഉണ്ടായി എന്നറിയാമോ? അറിയില്ലെങ്കിൽ അവറാൻ പറഞ്ഞുതരും. NEWS എന്നത് North, East, West, South എന്നീ ദിക്കുകളെ സൂചിപ്പിക്കുന്നു. GOOD എന്ന വാക്കിന് നല്ലത് എന്നർത്ഥം. GOD എന്നാൽ ദൈവം. ഗോഡിനോടൊപ്പം വെറും പൂജ്യമായ നാം കൂടി ചേരുമ്പോൾ ഗുഡ് ആകും. പക്ഷേ ഗുഡ് എന്ന വാക്കിൽ പൂജ്യമല്ല 'ഓ' അല്ലേ ഉള്ളത് എന്നു ചോദിക്കരുത്. കർത്താവിന്റെ കാലത്ത് ഇംഗ്ലീഷ് എന്നൊരു ഭാഷപോലും ഇല്ലായിരുന്നല്ലോ എന്ന ന്യായവും പറയരുത്. ഈ വ്യാഖ്യാനം മറ്റു ഭാഷകളിൽ ശരിയാകുകയില്ലല്ലോ എന്ന സംശയവും വേണ്ട. പറയുന്നത് ജനപ്രിയ പ്രസംഗകനാണ്. ചോദ്യം ചെയ്യാതെ വിശ്വസിച്ചുകൊള്ളണം. ഈ വിജ്ഞാനം വിളമ്പുന്നതിനിടയിൽ അവറാൻ മറ്റൊരു രഹസ്യംകൂടി വെളിപ്പെടുത്തി. സക്കായി കയറിയ മരം പഴയനിയമമാണ്. ആ മരത്തിലെ ഇലകളാണു ന്യായപ്രമാണം. അതിനിടയിലാണ് സക്കായി ഒളിച്ചിരുന്നത്.

ഇത്രയും എഴുതിയപ്പോഴാണ് ഈയിടെ അവറാൻ ചനറിൽ നടത്തിയ ഒരു പ്രസംഗം ഓർമ്മവന്നത്. ക്യാൻസർ എന്നാൽ എന്തെന്ന് അവറാൻ പറഞ്ഞു. ശരീരത്തിന്റെ ഏതെങ്കിലും ഭാഗത്തേക്ക് രക്തം ഓടാതാകുമ്പോൾ ആ ഭാഗം അഴുകി ദ്രവിക്കും. അതാണു ക്യാൻസർ.

ഇതാ മറ്റൊരെണ്ണം: ഓർത്തോപ്പോളജി പഠിച്ച ഡോക്ടർ വയറിനു ചികിത്സിക്കരുത്. കാരണം, വയറിനുള്ള ചികിത്സ നടത്തേണ്ടത് ഗൈനക്കോളജി പഠിച്ച ഡോക്ടറാണ്. ഗൈനക്കോളജി എന്നത് വയറിനുണ്ടാകുന്ന രോഗങ്ങളേക്കുറിച്ചുള്ള പഠനമാണ്. (ഭേഷ്.) എന്താണപ്പാ ഈ 'ഓർത്തോപ്പോളജി'! ഇങ്ങനെയൊരു ശാസ്ത്രശാഖ ഉള്ളതായി നാളിതുവരെ കേട്ടിട്ടില്ല. ഡിക്ഷ്ണറിയിൽ നോക്കിയിട്ട് ഇങ്ങനെയൊരു വാക്കു കാണുന്നുമില്ല. അവറാൻ ഈയിടെയെങ്ങാനും കണ്ടുപിടിച്ച ശാസ്ത്രമാകാം ഇത്.

ക്രൂശിലെ ഏഴു മൊഴികൾ എന്നാലെന്ത്? അവ ഏതൊക്കെ? സണ്ടേസ്ക്കൂൾ കുട്ടികൾക്കുപോലും ഇതിനുള്ള ഉത്തരമറിയാം. പക്ഷേ അവറാൻ പറയുന്നതിങ്ങനെ: കർത്താവായ യേശുക്രിസ്തു ക്രൂശ് ചുമലിൽ ഏറ്റിയതു മുതൽ കർത്താവിന്റെ കൈകളിൽ ആണിയടിക്കുന്നതുവരെയുള്ള സമയത്ത് കർത്താവു പറഞ്ഞ ഏഴു വാചകങ്ങളാണ് ക്രൂശിലെ ഏഴു മൊഴികൾ. 'യെരൂശലേം പുത്രിമാരെ, നിങ്ങൾ എന്നെ ചൊല്ലി കരയേണ്ട' എന്നത് ക്രൂശിലെ ഒരു മൊഴിയുമാണ്. ഇതൊക്കെ നേരിട്ടു കേൾക്കണോ? http://tsbalan.com/youtube.html

# നിയമപ്രശ്നങ്ങളുമായി വീണ്ടും ഏബ്രഹാം ഷാജി രംഗത്ത്

വിട്ടാലും വിടാത്ത കമ്പിളിക്കെട്ടുപോലെ ഏബ്രഹാം ഷാജി ഐ.പി.സിയെ പിടികൂടിയിരിക്കയാണ്. (ഐ.പി.സി. പെരുമ്പെട്ടി സഭയുടെ പാസ്റ്ററാണ് ഏബ്രഹാം ഷാജി). ഐ.പി.സിയുടെ മുൻഇലക്ഷൻ അസാധുവാക്കണമെന്നാവശ്യപ്പെട്ട് ഏബ്രഹാം ഷാജി ഫയൽ ചെയ്തിട്ടുള്ള കേസ്സ് ഐ.പി.സി നേതാക്കൻമാരുടെ ഉറക്കം കെടുത്താൻ തുടങ്ങിയിട്ട് മാസങ്ങൾ പലതായി. ഈ കേസ്സിന്റെ വിധി വരുന്നതിനു മുൻപ് പുതിയ ഇലക്ഷൻ നടത്തി രക്ഷപ്പെടാൻപോലും നേതാക്കൻമാർ ആലോചിക്കയുണ്ടായി. ഇപ്പോഴിതാ പുതിയ പ്രശ്നവുമായി ഏബ്രഹാം ഷാജി രംഗത്തെത്തിയിരിക്കുന്നു.

ഐ.പി.സിയുടെ ഏരിയാ പാസ്റ്റർമാർ, സെന്റർ പാസ്റ്റർമാർ തുടങ്ങിയവർ തങ്ങളുടെ ഏരിയ/സെന്റർ പരിധിയിൽ ശുശ്രൂഷിക്കേണ്ടതാണ്. പുറത്തുള്ള സഭകളിൽ ശുശ്രൂഷകരായിരിക്കാൻ ചട്ടം അനുവദിക്കുന്നില്ല. പക്ഷേ ഏട്ടിലെ പശു പുല്ലുതിന്നാറില്ലല്ലോ. ഏട്ടിലപ്പടി, പയറ്റിലിപ്പടി എന്നതാണ് ഐ.പി.സിയിലെ രീതി. അതുകൊണ്ട് പല ഏരിയാ പാസ്റ്റർമാരും സെന്റർ പാസ്റ്റർമാരും റിമോർട്ട് കൺട്രോളിലൂടെയാണു ഭരണം നടത്തുന്നത്. ഇണ്ടൻതുരുത്തി സെന്ററിന്റെ നേതാവ് പട്ടണത്തിലെ വലിയ സഭയുടെ പാസ്റ്ററാണ്. കൊന്നമുകൾ ഏരിയായുടെ പാസ്റ്റർ പട്ടണത്തിൽ ജയോത്സവം കൊണ്ടാടുന്നു. പഴയ തഴമ്പിന്റെ ബലത്തിൽ സെന്റർ പാസ്റ്ററായ ചിലർ രാജ്യത്തുപോലുമില്ല. വിദേശത്തുള്ള സഭയിലെ പാസ്റ്റർ തിരുവിതാംകൂറിലെ സെന്റർ ഭരിക്കുന്നു. ഈ കലാപരിപാടിയൊക്കെ അവസാനിപ്പിച്ചശേഷം മാത്രമേ ഇക്കൊല്ലം പാസ്റ്റർമാരുടെ സ്ഥലംമാറ്റം നടത്താവൂ എന്ന് ആവശ്യപ്പെട്ട് ഏബ്രഹാം ഷാജി ഐ.പി.സി നേതൃത്വത്തിനു കത്തു കൊടുത്തിരിക്കയാണ്. മറ്റൊരു കേസ്സിനുള്ള മുന്നോടിയാണ് ഈ കത്തെന്നു നേതാക്കൻമാർ മനസ്സിലാക്കി. തന്റെ കത്തിൻമേൽ നടപടി ഉണ്ടാകുമോ എന്നറിയാൻ ഏബ്രഹാം ഷാജി മാർച്ച് 10ന് കുമ്പനാട്ടെത്തുകയും കൗൺസിൽ മീറ്റിംഗ് നടക്കുന്ന ഹാളിനു പുറത്ത് ചുറ്റിക്കറങ്ങുകയും ചെയ്തു. അതോടെ നേതാക്കൻമാർ ഭയപ്പെട്ടു. ഈ പ്രശ്നത്തിന് ഉടൻ പരിഹാരമുണ്ടാക്കണമെന്ന് അവർ ആവശ്യപ്പെട്ടു. അതോടെ പുതുതായി ചാർജ്ജെടുത്ത ചില ഏരിയാ പാസ്റ്റർമാർ രാജിവച്ചു. പക്ഷേ പ്രമുഖർ അനങ്ങിയിട്ടില്ല. ഏതായാലും മറ്റൊരു കേസ്സിനുള്ള വഹയായി.


# നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

– **നിങ്ങളുടെ പേരിൽ ഡൊമെയ്ൻ രജിസ്റ്റർ ചെയ്യുന്നു.**
– **വെബ്സൈറ്റിന് ആവശ്യമായ സ്പേസ് വാങ്ങുന്നു.**
– **ഹോംപേജ് (ആദ്യ പേജ്) ഉണ്ടാക്കുന്നു.**

**ആകെ ചെലവ് – 2000 രൂപ മാത്രം**

**ഓരോ അധിക പേജിനും 500 രൂപ.**

**കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 96564 32921**


# മുല്ലക്കരയും കെ.സി.ജോണും സഹകരിച്ചു പ്രവർത്തിക്കും

മുല്ലക്കരയും കെ.സി.ജോണും സഹകരിച്ചു പ്രവർത്തിക്കാൻ തീരുമാനിച്ചു. അപ്പോൾ അവർ ഇതുവരെ സഹകരണത്തിലല്ലായിരുന്നോ എന്നു ചോദിച്ചേക്കാം. തീർച്ചയായും സഹകരണത്തിലായിരുന്നു. പക്ഷേ ഇനി കൂടുതൽ സഹകരിക്കാൻ തീരുമാനിച്ചു.

എന്താ ഇപ്പോൾ ഈ വിധത്തിൽ ഒരു സഹകരണമുണ്ടാക്കാൻ തീരുമാനിച്ചത് എന്നു സംശയമുണ്ടാകാം. കാര്യമുണ്ട്. കുറച്ചധികം കാലമായി പെന്തക്കോസ്തിൽ ഇരുന്നും കിടന്നും എക്സ്പീരിയൻസുള്ളയാളാണ് കെ.സി.ജോൺ. പക്ഷേ മുല്ലക്കരയ്ക്ക് എക്സ്പീരിയൻസ് വളരെ കുറവ്. കെ.സി.ജോൺ ഈ കുറവു പരിഹരിച്ചുകൊടുക്കും. മല്ലക്കരക്കു രോഗശാന്തിത്തട്ടിപ്പിലൂടെ ജനശ്രദ്ധ ആകർഷിക്കാനറിയാം. പക്ഷേ കെ.സി.ജോണിന് ഈ വിദ്യ പിടികിട്ടിയിട്ടില്ല. ഇനി ആരംഭിക്കാമെന്നു വച്ചാൽ ജനം അംഗീകരിക്കുമോ എന്നു സംശയം. എന്നാൽ മുല്ലക്കര ഒപ്പമുണ്ടെങ്കിൽ രോഗശാന്തി റെഡി.

കേരളത്തിലെ കൺവൻഷൻ സീസൺ തീർന്നാലുടൻ രണ്ടു പേരും ചേർന്ന് അമേരിക്കയിലേക്കു പറക്കാനാണു പരിപാടി. കെ.സി. ജോൺ തന്റെ സ്വാധീനം ഉപയോഗിച്ച് മുല്ലക്കരയ്ക്കു വേദിയൊരുക്കും. കെ.സി.ജോൺ വിളിച്ചു പറഞ്ഞാൽ മുല്ലക്കരയ്ക്കു പ്രോഗ്രാം നൽകാൻ ഏറെപ്പേർ തയ്യാറാകും. രോഗശാന്തിയുടെ പേരുപറഞ്ഞ് മുല്ലക്കര ജനത്തെ കബളിപ്പിച്ചുകൊള്ളും. അക്കൂട്ടത്തിൽ ചെന്ന് കെ.സി.ക്കും പ്രസംഗിക്കാം. പക്ഷേ ഇതല്ല പ്രധാന പരിപാടി. മുല്ലക്കരയെ കെ.സി.ജോൺ അടുത്ത കാലത്ത് ചവർ ചാനലിന്റെ നേതാക്കളിൽ ഒരാളാക്കിയിട്ടുണ്ട്. കെ.സി.ജോൺ എത്ര ശ്രമിച്ചിട്ടും അമേരിക്കയിലുള്ളവർ ചവറിനു പിരിവു നൽകിയിട്ടില്ല. ഇത്തവണ മുല്ലക്കരയുടെ സ്വാധീനം ഉപയോഗിച്ച് ചവറിനു പണം പിരിക്കാം. പക്ഷേ ഒരു പ്രശ്നമുണ്ട്. മുല്ലക്കരയ്ക്കു വീസ കിട്ടുമോ? തീർത്തു പറയാനാവില്ല.

# മത്തായിക്കുട്ടിക്കു കിട്ടി

കെ.എ.ഏബ്രഹാമിന്റെ സഹോദരിയുടെ ഭർത്താവും കുപ്രസിദ്ധ പ്രകൃതിവിരുദ്ധനുമായ മത്തായിക്കുട്ടിക്ക് ഈയിടെ കൈവയ്പ്പു കിട്ടി. സംഭവം നടന്നതു കുമ്പനാട്ടാണ്. പക്ഷേ കൈവച്ചത് സഭാനേതാക്കൻമാരല്ല പെന്തക്കോസ്തുകാരിയായ ഒരു സഹോദരിയാണ്.

സംഭവം ചുരുക്കിപ്പറയാം: കുമ്പനാട്ടുള്ള ഒരു കടയിലാണ് കൈവയ്പ്പു ശുശ്രൂഷ അരങ്ങേറിയത്. എന്തോ സാധനം വാങ്ങാനാണ് മത്തായിക്കുട്ടി കടയിലെത്തിയത്. അപ്പോഴതാ അവിടെ പെന്തക്കോസ്തുകാരിയായ ഒരു സ്ത്രീ നിൽക്കുന്നു. മത്തായിക്കുട്ടിക്ക് പുരുഷവംശത്തോടാണു താല്പര്യം. പക്ഷേ ഇടയ്ക്ക് ഒരു ചേയ്ഞ്ചും ആകാമല്ലോ. അതുകൊണ്ട് മേല്പടി സ്ത്രീയുമായി കിന്നാരത്തിനു തുടക്കമിട്ടു. പെന്തക്കോസ്തുകാരിയായതുകൊണ്ട് ഈ സ്ത്രീ പാസ്റ്ററെന്ന നിലയിൽ തന്നോട് അത്യന്തം ബഹുമാനത്തോടെ സംസാരിക്കുമെന്നും ചക്കരവാക്കു പറഞ്ഞു മയക്കി പാട്ടിലാക്കാമെന്നുമായിരുന്നു മത്തായിക്കുട്ടിയുടെ പ്രതീക്ഷ. പക്ഷേ പ്രതീക്ഷിച്ച പ്രതികരണമല്ല അവരിൽ നിന്നുണ്ടായത്. ഡിഫെൻഡറിലൂടെ ഈ സഹോദരി മത്തായിക്കുട്ടിയുടെ വിക്രിയകൾ അറിഞ്ഞിരുന്നു. അതുകൊണ്ട് അവർ വെറുപ്പോടെയാണു പ്രതികരിച്ചത്. അതു മത്തായിക്കുട്ടിക്കു സഹിക്കാവുന്നതിലും അധികമായിരുന്നു. പച്ചക്കാമദേവനായ മത്തായിക്കുട്ടിയോട് ഒരു സ്ത്രീയും നാളിതുവരെ ഈ വിധത്തിൽ പ്രതികരിച്ചിട്ടില്ല. അതുകൊണ്ട് മത്തായിക്കുട്ടി ഉഗ്രമായി കോപിക്കയും ആ സ്ത്രീയെ അത്യുഗ്രമായി അസഭ്യം പറയുകയും ചെയ്തു. പക്ഷേ അസഭ്യവർഷം പൂർത്തിയാക്കുന്നതിനു മുൻപ് ആ സഹോദരി കൈവയ്പ്പു ശുശ്രൂഷ പൂർത്തിയാക്കി. അങ്ങനെ, നട്ടുച്ചക്കും നക്ഷത്രങ്ങൾ കാണാനാകും എന്നു മത്തായിക്കുട്ടി അനുഭവിച്ചറിഞ്ഞു.



# മനക്കലച്ചനെ അപമാനിച്ചതാര്?

മനക്കലച്ചന്റെ മൃതദേഹത്തോടു കത്തോലിക്കാസഭ അനാദരവുകാട്ടി എന്നൊരു പ്രചരണം ഈയിടെയായി ഉണ്ടായിരിക്കുന്നു. കേട്ടവരെല്ലാം ഉറഞ്ഞു തുള്ളാനും ആരംഭിച്ചു. കത്തോലിക്കരെ തല്ലാൻ ഒന്നാംതരം ഒരു വടി കിട്ടി എന്ന ഭാവത്തിലാണ് മിക്കവരും പ്രതികരിച്ചത്. പക്ഷേ സത്യം എന്തെന്ന് അന്വേഷിക്കാൻ മിക്കവരും മിനക്കെട്ടില്ല.

കത്തോലിക്കാസഭയിലെ തിൻമകൾക്കെതിരെ പോരാടാൻ ധൈര്യം കാണിച്ച നിരവധി ആളുകൾക്കു മാന്യമായ ഒരു ശവസംസ്ക്കാരംപോലും നൽകാതെ സഭ അപമാനിച്ചിട്ടുണ്ടെന്നതു ശരി തന്നെ. അവരിൽ പലരും തെമ്മാടിക്കുഴിയിലാണ് ഇപ്പോഴും അന്ത്യവിശ്രമം കൊള്ളുന്നത്. പക്ഷേ സഭ വിട്ടുപോയിട്ടും മനക്കലച്ചനോടു കത്തോലിക്കർ സാധിക്കുന്നത്ര മാന്യമായാണു പെരുമാറിയതെന്നു പറയാതെവയ്യ. അച്ചനോട് ആരെങ്കിലും അന്യായം പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതു ചെയ്തത് പെന്തക്കോസ്തുകാരാണ്, കൃത്യമായി പറഞ്ഞാൽ പി.ആർ. ബേബിയാണ്.

അച്ചൻ പെന്തക്കോസ്തിലെത്തി ഏറെ കഴിയുംമുൻപ് പി.ആർ.ബേബിയുമായി സഹകരിച്ചു പ്രവർത്തിക്കാൻ ആരംഭിച്ചു. പെന്തക്കോസ്തിലെ ചതിക്കുഴികളൊന്നും അറിയാതെ അച്ചൻ പി.ആർ.ബേബി എന്ന വ്യാജന്റെ പിടിയിൽ അകപ്പെട്ടു പോകുകയാണുണ്ടായത്. ഫെയ്ത്ത് സിറ്റിയിലാണ് ആദ്യകാലത്ത് അച്ചൻ താമസിച്ചിരുന്നത്.

പി.ആർ.ബേബി ആദ്യമൊക്കെ അച്ചനോട് മാന്യമായി പെരുമാറിയിരുന്നെങ്കിലും പിന്നീട് പെരുമാറ്റരീതി മാറ്റി. എങ്ങുനിന്നോ വലിഞ്ഞുകയറിവന്ന ഒരു ശല്യം എന്ന സ്ഥിതിയിലായി അച്ചൻ. ഫെയ്ത്ത് സിറ്റിയിലെ താമസം മടുത്തപ്പോൾ അച്ചൻ പി.ആർ.ബേബിയുടെ നേതൃത്വത്തിൽ അങ്കമാലിക്കു സമീപം പ്രവർത്തിക്കുന്ന ഒരു ധ്യാനകേന്ദ്രത്തിലേക്കു താമസം മാറ്റി. യഥാർത്ഥത്തിൽ അച്ചനെ പി.ആർ. ബേബി നാടുകടത്തുകയായിരുന്നു. അവിടെ കഴിഞ്ഞുവരുന്ന കാലത്താണ് അച്ചനു ചിക്കൻപോക്സ് പിടിപെട്ടത്. അങ്കമാലിയിലുള്ള ഒരു സ്വകാര്യ ആശുപത്രിയിൽ അഡ്മിറ്റായ അച്ചനെ പി.ആർ.ബേബി തിരിഞ്ഞുനോക്കിയില്ല. ശുശ്രൂഷിക്കാൻ ആരും ഇല്ലാതെ അച്ചൻ ഏറെ വലഞ്ഞു. ഒടുവിൽ ഗോതുരുത്തിലുള്ള സ്വന്തം വീട്ടിലേക്കു പോകാൻ അച്ചൻ തീരുമാനിച്ചു. ബാപ്റ്റിസ്റ്റുകാരനായ ഒരു പാസ്റ്ററുടെ സഹായത്തോടെ ആശുപത്രിയിൽ നിന്നു ഡിസ്ചാർജ് വാങ്ങി പുറത്തിറങ്ങിയ അച്ചനെ വീട്ടിലെത്തിക്കാൻ പി.ആർ.ബേബിയുടെ ഒരു കൂലിക്കാരൻ എത്തിയിരുന്നു.

അച്ചന്റെ വീട്ടിൽ ഒരു ബാപ്റ്റിസ്റ്റ് സുവിശേഷകൻ താമസമുണ്ടായിരുന്നു. ഈ സുവിശേഷകനും അയൽക്കാരും മറ്റും അച്ചനെ ശുശ്രൂഷിച്ചെങ്കിലും രോഗം ഗുരുതരമായി. ആശുപത്രിയിലേക്കു കൊണ്ടുപോകുന്ന വഴിയിൽ വച്ച് അച്ചൻ മരിച്ചു. മനക്കലച്ചൻ മരിച്ചെന്നും ശവസംസ്ക്കാരത്തിനുള്ള നടപടി സ്വീകരിക്കണമെന്നും പി.ആർ.ബേബിയെ അറിയിച്ചെങ്കിലും ഒരു പ്രതികരണവുമുണ്ടായില്ല. ചിലർ ദേവസ്യ മുല്ലക്ക



രയുമായി ബന്ധപ്പെട്ടെങ്കിലും പി.ആർ. ബേബിയുടെ ആളിന്റെ ശവസംസ്ക്കാരം ഏറ്റെടുത്ത് പുലിവാലു പിടിക്കാൻ തയ്യാറല്ല എന്ന മറുപടിയാണു ലഭിച്ചത്. അച്ചന്റെ മൃതദേഹം സംസ്ക്കരിക്കാൻ പെന്തക്കോസ്തുകാർ തയ്യാറല്ലെന്നു കണ്ടപ്പോൾ അച്ചന്റെ ബന്ധുക്കൾ ആ ചുമതല ഏറ്റെടുത്തു. ബിഷപ്പിൽ നിന്നു പ്രത്യേക അനുമതി നേടി അവർ അച്ചന്റെ മൃതദേഹം സംസ്ക്കരിച്ചു.

മനക്കലച്ചന്റെ മൃതദേഹത്തോട് കത്തോലിക്കാസഭ അനാദരവു കാട്ടി എന്നു സ്ഥാപിക്കാൻ പെന്തക്കോസ്തുകാർ ചൂണ്ടിക്കാട്ടുന്ന വസ്തുതകൾ ഇവയാണ്:

1. മൃതദേഹം വീട്ടിൽ നിന്നെടുക്കാൻ പുരോഹിതൻമാർ വന്നില്ല എന്നതാണ് ഒരു പ്രശ്നം. കത്തോലിക്കാസഭ വിട്ടുപോയ അച്ചനെ കത്തോലിക്കരുടെ ആചാരം അനുസരിച്ചു സംസ്ക്കരിക്കേണ്ട ആവശ്യമില്ല. അഥവാ, അവർ കത്തോലിക്കാ ആചാരപ്രകാരം ചെയ്തിരുന്നെങ്കിൽ അത് അച്ചനോടുള്ള അനാദരവാകുമായിരുന്നു എന്നു തീർച്ച.

2. പെന്തക്കോസ്തുകാർ വരുന്നതിനു മുൻപ് മൃതദേഹം അടക്കി എന്നതാണ് മറ്റൊരു ആരോപണം. രോഗിയായപ്പോൾ സകല പെന്തക്കോസ്തുകാരും അച്ചനെ കൈവിട്ടു. അങ്ങനെയുള്ള പെന്തക്കോസ്തുകാർ വരുന്നതുവരെ മൃതദേഹം വച്ചു കാത്തിരുന്നേ മതിയാകൂ എന്നില്ല. മാത്രമല്ല ഏതൊക്കെ പെന്തക്കോസ്തുകാർ എവിടെനിന്നൊക്കെ വരുമെന്നും അവർ എപ്പോൾ വരുമെന്നും അച്ചന്റെ ബന്ധുക്കൾക്കു നിശ്ചയമില്ല. അതുകൊണ്ട് അനന്തമായി കാത്തിരിക്കാനാവില്ല.

3. പ്രാർത്ഥനയൊന്നും ചൊല്ലാതെ മൃതദേഹം അടക്കി എന്നൊരു ആരോപണവും ചില പെന്തക്കോസ്തുകാർ ഉന്നയിക്കുന്നു. ഈ ആരോപണം ഉന്നയിക്കുന്നവരെ പെന്തക്കോസ്തുകാരായി പരിഗണിക്കാനാവില്ല. മരിച്ച വ്യക്തിക്കുവേണ്ടി പ്രാർത്ഥിക്കുന്നതുകൊണ്ടു പ്രയോജനമില്ല എന്നു വിശ്വസിക്കുകയും അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നവരാണു പെന്തക്കോസ്തുകാർ. കത്തോലിക്കാ വിശ്വാസം വിട്ട് പെന്തക്കോസ്ത് വിശ്വാസം സ്വീകരിച്ച അച്ചനുവേണ്ടി കത്തോലിക്കാ പുരോഹിതൻ ഒപ്പീസ് ചൊല്ലിയിരുന്നെങ്കിൽ അത് അച്ചനോടുള്ള അനാദരവാകുമായിരുന്നു. ഒരു വിധത്തിലുള്ള പ്രാർത്ഥനയും നടത്താതെ അച്ചന്റെ മൃതദേഹം സംസ്ക്കരിച്ചത് ഉചിതമായി.

4. മരിക്കുന്നതിന് ഏതാനും ദിവസം മുൻപ് ബന്ധുവീട്ടിൽ സന്ദർശകനായെത്തിയ അച്ചൻ അവിടെവച്ച് രോഗിയാകുകയും മരിക്കുകയുമായിരുന്നു എന്നാണ് ജി.എം. ന്യൂസ് പ്രചരിപ്പിക്കുന്നത്. പക്ഷേ ഇതല്ല സംഭവിച്ചതെന്ന് നാം കണ്ടുകഴിഞ്ഞല്ലോ. ചിക്കൻപോക്സ് പിടിപെട്ട അച്ചനെ പി.ആർ.ബേബിയോ മറ്റു പെന്തക്കോസ്തുകാരോ തിരിഞ്ഞു നോക്കിയില്ല. അതുകൊണ്ട് അച്ചൻ സ്വന്തം വീട്ടിൽ എത്തുകയായിരുന്നു. അച്ചന്റെ ബന്ധുക്കളും അയൽക്കാരും മാത്രമാണ് അന്ത്യ ദിവസങ്ങളിൽ സഹായത്തിനുണ്ടായിരുന്നത്. ഇതൊക്കെ മറച്ചുവച്ചുകൊണ്ട് ജി.എം.ന്യൂസ് വ്യാജവാർത്ത പരത്തുകയാണ്.

ഇനി പറയൂ: മനക്കലച്ചനോടു ക്രൂരത കാട്ടിയതാര്? കത്തോലിക്കരാണോ? ആണെങ്കിൽ എന്തു ക്രൂരതയാണ് അവർ കാട്ടിയത്? പെന്തക്കോസ്തുകാർ കൈവിട്ടപ്പോൾ അച്ചനെ ശുശ്രൂഷിച്ചതാണോ ക്രൂരത? അച്ചൻ മരിച്ചപ്പോൾ ശവസംസ്ക്കാരം നടത്തിയതു തെറ്റായിപ്പോയോ? ഒപ്പീസും മറ്റും ഉപേക്ഷിച്ച അച്ചനുവേണ്ടി ഒപ്പീസ് ചൊല്ലാതിരുന്നതാണോ തെറ്റ്?

അച്ചനോടു ക്രൂരത കാട്ടിയത് കത്തോലിക്കരല്ല പി.ആർ. ബേബിയും മറ്റു പെന്തക്കോസ്തുകാരുമാണ്. അച്ചൻ ജീവനോടെ ഇരുന്ന കാലത്തുതന്നെ പി.ആർ. ബേബി അച്ചനെ ഏഴാംകൂലിയാക്കി അവഹേളിച്ചു. ചിക്കൻപോക്സ് പിടിപെട്ട അച്ചനെ പി.ആർ. ബേബിയും കൂട്ടരും കൈവിട്ടു. അച്ചൻ മരിച്ചപ്പോൾ ശവസംസ്ക്കാരം നടത്താൻ പോലും തയ്യാറായില്ല. ഇതൊക്കെയല്ലേ സാക്ഷാൽ ക്രൂരത? കത്തോലിക്കർക്കെതിരെ പ്രസംഗിക്കുന്ന ജി.എം. ന്യൂസും മറ്റു പെന്തക്കോസ്തുകാരും ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കാനാണു ശ്രമിക്കുന്നത്.


## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.–1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.–2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.–3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.–4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.–6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.–7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.–8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.–1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.–2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.–3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.–4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.–5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.–6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.–7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.–8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.–9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.–10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

RNI No. 68089 / 97
2009 March 16

THE DEFENDER

REGISTERED
KL/ALY/0031/2009-11

# ഡബ്ല്യൂ.എം.ഇ. – ഭോഷ്ക്കു പറയുന്നതാര്?

വിവരാവകാശനിയമം അനുസരിച്ച് അപേക്ഷ നൽകി, നിശ്ചിത ഫീസടച്ച്, ഏതെങ്കിലും സർക്കാർ ഓഫീസിൽ നിന്നു വിവരങ്ങളോ രേഖകളോ കൈപ്പറ്റുന്നതു മോഷണമാണോ? ആണെന്നു വിവരംകെട്ട രാജുക്കുട്ടിയും കൂട്ടരും പറയുന്നു. രാജുക്കുട്ടിയുടെ ഡൂപ്ലിക്കേറ്റ് ഡബ്ല്യൂ.എം.ഇയുടെ ഭരണഘടന പത്തനംതിട്ട ജില്ലാ രജിസ്ട്രാർ ഓഫീസിൽ നിന്നു വിവരാവകാശ നിയമപ്രകാരം വാങ്ങിയതു മോഷണമാണെന്നത്രേ ഈ അത്ഭുതജീവികളുടെ ആരോപണം. ഇവനെയൊക്കെ പിടിച്ചു വല്ല കാഴ്ചബംഗ്ലാവിലും അടയ്ക്കേണ്ട കാലം കഴിഞ്ഞു.

രാജുക്കുട്ടിയുടെ ഡബ്ല്യൂ.എം.ഇയുടെ ഭരണഘടന എടുത്തതിൽ എന്താണു രാജുക്കുട്ടിക്ക് ഇത്രയധികം മന:പ്രയാസം ഉണ്ടാകാൻ കാരണം. ഐ.പി.സിയും മറ്റും അവരുടെ ഭരണഘടന അച്ചടിച്ചു വിൽക്കുകവരെ ചെയ്യുന്നുണ്ടല്ലോ. കാരണം ഇതാണ്: പുതിയ ഡബ്ല്യൂ.എം.ഇ ഉണ്ടാക്കിയ വിവരം മാലോകർ അറിയാതെ രാജുക്കുട്ടി രഹസ്യമാക്കി വച്ചിരിക്കയായിരുന്നു. ആ രഹസ്യം ബാലൻ പുറത്താക്കി. മാത്രമല്ല, ഈ ഭരണഘടനയുടെ കോപ്പി ആവശ്യപ്പെടുന്നവർക്കെല്ലാം അയച്ചുകൊടുക്കുകയും ചെയ്യുന്നു. നാളിതുവരെ രഹസ്യമാക്കി വച്ചിരുന്ന തട്ടിപ്പും വെട്ടിപ്പും ഇതോടെ പുറത്താകുമെന്നു രാജുക്കുട്ടിക്കറിയാം. ഇതാണ് കോപത്തിനു കാരണം.

രാജുക്കുട്ടിയുടേയും കൂട്ടരുടേയും അറിവിലേക്കായി പറയട്ടെ: ഈ രാജ്യത്ത് ഇപ്പോൾ വിവരാവകാശനിയമം എന്നൊരു നിയമമമുണ്ട്. തികച്ചും സ്വകാര്യമായ വിവരങ്ങൾ ഒഴികെയുള്ള എല്ലാ കാര്യങ്ങളും ഈ നിയമം അനുസരിച്ച് ലഭിക്കയും ചെയ്യും. രാജുക്കുട്ടിയുടെ ഡബ്ല്യൂ.എം.ഇയുടെ ഭരണഘടന മാത്രമല്ല വരവുചെലവു കണക്കും ആസ്തി ബാദ്ധ്യതകളും ഈ നിയമപ്രകാരം ബാലന്റെ കൈയ്യിലെത്തും. അതു തടയാൻ രാജുക്കുട്ടിക്കോ ശിങ്കിടികൾക്കോ കഴിയുന്നതല്ല. കണക്കിൽ വെട്ടിപ്പോ തട്ടിപ്പോ കണ്ടാൽ അതു സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും ബാലനുദ്ദേശ്യമുണ്ട്. ആകയാൽ ബാലനോടുള്ള കളി സൂക്ഷിച്ചുമതി.

ഡബ്ല്യൂ.എം.ഇയുടെ ഭരണഘടന ബാലൻ വിവരാവകാശ നിയമം അനുസരിച്ച് എടുത്തത് അതുനോക്കി കോപ്പിയടിക്കാനാണത്രേ. ബാലൻ ഉണ്ടാക്കിക്കൊടുത്ത ഭരണഘടന അനുസരിച്ചു പ്രവർത്തിക്കുന്ന നൂറു കണക്കിനു സൊസൈറ്റികളും ട്രസ്റ്റുകളും ഈ രാജ്യത്തുണ്ട്. രാജുക്കുട്ടിയുടെ ലൊടുക്കൂസ് സൊസൈറ്റിയുടെ ഭരണഘടനയിൽ നിന്ന് ബാലനു പഠിക്കാനോ കോപ്പിയടിക്കാനോ ഒന്നുമില്ല. കോപ്പിയടിക്കണമെങ്കിൽ ഇവന്റെ ഭരണഘടന വേണമെന്നുമില്ല. വിവരമുള്ളവർ എഴുതിയ ഡസൻ കണക്കിനു ഭരണഘടനകൾ ഒരു ബുദ്ധിമുട്ടും കൂടാതെ കിട്ടും.

ആരോ പറയുന്നതുകേട്ടു ബാലൻ ഡിഫെൻഡറിൽ എഴുതുകയാണ് എന്നത്രേ രാജുക്കുട്ടി പ്രചരിപ്പിച്ചിരുന്നത്. പക്ഷേ രാജുക്കുട്ടിയുടെ ഡബ്ല്യൂ.എം.ഇയുടെ ഭരണഘടന ഉൾപ്പെടെയുള്ള എല്ലാ തെളിവുകളും കൈവശം വച്ചുകൊണ്ടാണ് ബാലൻ എഴുതുന്നതെന്നു വ്യക്തമായതോടെ രാജുക്കുട്ടിക്ക് ഉത്തരം മുട്ടി. അതുകൊണ്ടാണ് ഇങ്ങനെ കൊഞ്ഞനം കുത്താൻ തുടങ്ങിയത്.

ഡിഫെൻഡർ കുടുംബപത്രമാണെന്നത്രേ രാജുക്കുട്ടിയും



ശിങ്കിടികളും പറയുന്നത്. എന്താണപ്പാ ഈ 'കുടുംബപത്രം'? പത്രത്തിന്റെ ഉടമസ്ഥർ ഒരു കുടുംബത്തിലെ അംഗങ്ങളാണ് എന്നതാണോ? ആണെങ്കിൽ മലയാള മനോരമ പോലും കുടുംബ പത്രമാണ്. മരുപ്പച്ച, സങ്കീർത്തനം, ഹാലേലൂയ്യാ തുടങ്ങിയ ഭൂരിപക്ഷം പെന്തക്കോസ്ത് പ്രത്രങ്ങളും കുടുംബ പത്രങ്ങൾ തന്നെ. ഡിഫെൻഡറിന്റെ എഡിറ്റർ, പ്രിന്റർ, പബ്ലീഷർ, ഉടമസ്ഥൻ തുടങ്ങിയതെല്ലാം ഒരാളാണ്: അത് റ്റി.എസ്. ബാലന്റെ മകനായ അനീഷാണ്. ഈ വിവരം എല്ലാ ലക്കത്തിലും ഇംപ്രിന്റ് ലൈനിൽ അടിച്ചുവിടുന്നുമുണ്ട്. രാജുക്കുട്ടിയുടെ അറിവിലേക്കായി പറയട്ടെ: കുടുംബ പത്രം എന്നൊരു പത്രം ഈ രാജ്യത്തില്ല. രാജുക്കുട്ടിക്കു വിവരമില്ലാത്തതുകൊണ്ട് ഇങ്ങനെയൊക്കെ തോന്നുന്നതാണ്.

ഡബ്ല്യൂ.എം.ഇയിൽ ഒരു ഭിന്നിപ്പും ഉണ്ടാകുകയില്ല എന്നാണ് രാജുക്കുട്ടി പറയുന്നത്. അതു ശരിയാണ്. ഭിന്നിച്ചിട്ട് ആ പാവങ്ങൾ എങ്ങോട്ടു പോകാനാണ്? ഡബ്ല്യൂ.എം.ഇയിലെ വിശ്വാസികളിൽ ഭൂരിപക്ഷവും സാധാരണക്കാരായ പാവങ്ങളാണ്. പാസ്റ്റർമാരും അങ്ങനെതന്നെ. രാജുക്കുട്ടിയെ വിട്ടു പുറത്തുപോയി സ്വന്തം നിലയിൽ മുൻപോട്ടു പോകാനുള്ള കഴിവ് ഇവർക്കില്ല. അതുകൊണ്ട് രാജുക്കുട്ടി എന്തു തോന്ന്യാസം കാണിച്ചാലും അവരാരും മിണ്ടത്തില്ല.

ബാലൻ ജന്മസിദ്ധമായ ശൈലിയിൽ എഴുതുന്നു എന്നതാണ് മറ്റൊരു ആരോപണം. സംഗതി തികച്ചും ശരിയാണ്. ഓരോ വ്യക്തിക്കും ദൈവം ചില കഴിവുകൾ നൽകാറുണ്ട്. അവ ജന്മസിദ്ധമായി ലഭിക്കയാണു ചെയ്യുന്നത്. ബാലന് എഴുതാനുള്ള കഴിവ് ജന്മസിദ്ധമായി ലഭിച്ചിട്ടുണ്ട്. ദൈവമാണ് ഈ കഴിവു തന്നത്. ഇതു പയോഗിച്ച് രാജുക്കുട്ടിയേപ്പോലുള്ള തട്ടിപ്പുകാർക്കെതിരെ ബാലൻ എഴുതുന്നു. ജന്മസിദ്ധമായി കഴിവു ലഭിച്ചു എന്നതാണു തെറ്റെങ്കിൽ ആ തെറ്റു ചെയ്തത് ദൈവമാണ്. അതിനു ബാലനെ പഴിക്കുന്നതെന്തിന്?

2008 സെപ്റ്റംബർ മുതലാണ് ഡിഫെൻഡർ രാജുക്കുട്ടിയുടെ തട്ടിപ്പുകളേക്കുറിച്ച് എഴുതാൻ തുടങ്ങിയത്. ഒന്നോ രണ്ടോ ലക്കങ്ങൾ എഴുതാൻ മാത്രമേ ഉദ്ദേശ്യമുണ്ടായിരുന്നുള്ളൂ. പക്ഷേ രാജുക്കുട്ടിയുടെ ഗുണ്ടകൾ ഭീഷണിയുമായി രംഗത്തെത്തിയതോടെ ആ തീരുമാനം മാറ്റി. അങ്ങനെ എഴുത്തു തുടർന്നു. അതിനിടയിലാണ് രാജുക്കുട്ടി സങ്കീർത്തനം ദ്വൈവാരികയിൽ വിശദീകരണം എഴുതിയത്. അപ്പോൾ അതിനുള്ള മറുപടികൂടി എഴുതേണ്ടതായി വന്നു. രാജുക്കുട്ടി തട്ടിപ്പുവീരനാണ് എന്ന വസ്തുത വിശദീകരിക്കേണ്ടത് ആവശ്യമാണെന്നു ബോദ്ധ്യമായതു കൊണ്ടാണ് ഇതുവരെ എഴുതിയത്. മാത്രമല്ല, രാജുക്കുട്ടിയേക്കുറിച്ചെഴുതിയാൽ ശക്തമായ നിയമനടപടി സ്വീകരിക്കും എന്നു രാജുക്കുട്ടി ഭീഷണി മുഴക്കുകയും ചെയ്തു. എന്നാൽ ആ നിയമനടപടി ഒന്നു കണ്ടിട്ടുതന്നെ കാര്യം എന്നു ബാലനും തീരുമാനിച്ചു. അങ്ങനെയാണ് ഇത്രത്തോളം എഴുതിയത്. പക്ഷേ നാളിതുവരെ ഒരു നിയമനടപടിയും സ്വീകരിക്കാൻ രാജുക്കുട്ടിക്കു ധൈര്യമുണ്ടായിട്ടില്ല. രാജുക്കുട്ടി ആണാണെങ്കിൽ നിയമനടപടി സ്വീകരിക്കണമെന്നും അതിനു ധൈര്യമില്ലെങ്കിൽ സാരിയുടുത്തോ ചുരിദാറിട്ടോ നടക്കണമെന്നും വരെ ഡിഫെൻഡർ എഴുതി. ഇത്രയുമൊക്കെ ആയിട്ടും നിയമനടപടിയില്ല, ഒലക്കേടെ മൂടുമില്ല. ഇവനൊക്കെ ആണിന്റെ രൂപത്തിൽ നടക്കുന്നല്ലോ!

രണ്ടും കെട്ടവൻമാരേക്കുറിച്ച് ഏറെ എഴുതുന്നതിൽ അർത്ഥമില്ല. എത്ര എഴുതിയാലും ഇവനൊന്നും നന്നാകുകയുമില്ല. അതുകൊണ്ട് ഈ ലേഖന പരമ്പര ഈ ലക്കത്തോടെ അവസാനിപ്പിക്കയാണ്. പക്ഷേ രാജുക്കുട്ടിയേക്കുറിച്ച് ഇനി എഴുതുകയില്ല എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. ഇയാൾ ഒന്നാംതരം തട്ടിപ്പുവീരനായതുകൊണ്ടു പലതും എഴുതേണ്ടതായി വരും. പക്ഷേ ഈ ലേഖന പരമ്പര ഈ ലക്കം കൊണ്ടു നിർത്തുന്നു എന്നുമാത്രം. ഇയാളുടെ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ ലഭ്യമാകുമ്പോൾ വാർത്തകൾ പ്രസിദ്ധീകരിക്കുന്നതാണ്.

ഇത്രയും പറഞ്ഞപ്പോൾ രാജുക്കുട്ടിക്കും കൂട്ടർക്കും ഒരു സംശയം തോന്നാം: നിയമാനുസൃതം രജിസ്റ്റർ ചെയ്തു പ്രവർക്കിക്കുന്ന സഭയല്ലേ ഡബ്ല്യൂ.എം.ഇ.? അതുകൊണ്ട് എന്തു നിയമപ്രശ്നം വരാനാ?

ഒന്നാമതായി ഡബ്ല്യൂ.എം.ഇ എന്നതു സഭയല്ല ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ്. സൊസൈറ്റികളും ട്രസ്റ്റുകളും രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നതിന് ഈ രാജ്യത്തു ചില നിയമങ്ങളൊക്കെയുണ്ട്. നിയമാനുസൃതമല്ലാതെ പ്രവർത്തിച്ചാൽ നിയമക്കുരുക്കിൽ ചെന്നുചാടും. വിവരാവകാശ നിയമം അനുസരിച്ചു വിവരങ്ങൾ ശേഖരിക്കുന്നതു മോഷണമാണെന്നു പറയുന്ന വിവരദോഷികൾക്ക് ഇതൊന്നും മനസ്സിലാക്കാനാവില്ല.

രാജുക്കുട്ടിയുടെ ഡബ്ല്യൂ.എം.ഇയുടെ രജിസ്ട്രേഷനിൽ തന്നെ പാകപ്പിഴകളുണ്ട്. ഈ വിധത്തിൽ രജിസ്റ്റർ ചെയ്ത സൊസൈറ്റിക്ക് പലവിധ നിയമപ്രശ്നങ്ങളും അഭിമുഖീകരിക്കേണ്ടതായിവരും. തങ്ങളുടെ സൊസൈറ്റി ഒന്നാംതരമാണെന്നും അതു കോപ്പിയടിക്കാനാണ് ബാലൻ അതിന്റെ കോപ്പിയെടുത്തതെന്നും ധരിച്ചുവച്ചിരിക്കുന്ന മണ്ടശ്ശിരോമണിയൻമാർക്ക് ഈ സൊസൈറ്റിയുടെ ബൈലോയിൽ ഉണ്ടായിരിക്കുന്ന പോരായ്മ കണ്ടെത്താനാവില്ല. പക്ഷേ സൊസൈറ്റികളും ട്രസ്റ്റുകളും രജിസ്റ്റർ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെല്ലാം റ്റി.എസ്.ബാലനെന്ന ഈയുള്ളവനറിയാം. (ഇങ്ങനെ പറയുന്നത് അഹങ്കാരംകൊണ്ടാണെന്നു തോന്നിയാലും വേണ്ടില്ല).

സൊസൈറ്റിയുടെ ബൈലോയിൽ നിർബ്ബന്ധമായും ഉണ്ടായിരിക്കേണ്ട കാര്യങ്ങൾ ഉൾപ്പെടുത്താതെ രാജുക്കുട്ടി രജിസ്റ്റർ ചെയ്ത ഡബ്ല്യൂ.എം.ഇ കുഴപ്പങ്ങളിലേക്കാണു നീങ്ങുന്നത്. അതുകൊണ്ട് ഭാവിയിൽ കുറച്ചധികം വാർത്തകൾ ഉണ്ടാകുകയും ചെയ്യും. രാജുക്കുട്ടിയേക്കുറിച്ചുള്ള ഈ പരമ്പര ഈ ലക്കത്തോടെ നിർത്തുകയാണെങ്കിലും മറ്റു വാർത്തകൾ തുടർന്നും ഡിഫെൻഡറിൽ പ്രതീക്ഷിക്കാം.

## സഹോദരൻ വിഷമസന്ധിയിൽ

മദ്യപിക്കാൻ പണം കിട്ടുമെന്നറിഞ്ഞപ്പോൾ വന്ധ്യംകരണ ശസ്ത്രക്രിയയ്ക്കു വിധേയനായതു നിമിത്തം കുട്ടികളുണ്ടാകാതെ വിഷമിച്ച സഹോദരന് മോനച്ചൻ പ്രവാചകൻ കുട്ടിയെ നൽകി അനുഗ്രഹിച്ച സംഭവം ഡിഫെൻഡറിൽ വിവരിച്ചിരുന്നല്ലോ. നേഴ്സായ ഭാര്യയോടും മോനച്ചൻ ദാനം ചെയ്ത കുട്ടിയോടുമൊപ്പം ഈ സഹോദരൻ കുറച്ചുകാലമായി അമേരിക്കയിലാണു താമസം. ഷാജി എന്നാണു കക്ഷിയുടെ പേര്. മലയാളികൾ ഏറെ ഇല്ലാത്ത സ്ഥലത്തായിരുന്നു താമസിച്ചിരുന്നത്. അതുകൊണ്ട് ഡിഫെൻഡറിൽ വന്ന വാർത്ത കാര്യമായ പ്രശ്നമൊന്നും ഉണ്ടാക്കിയിരുന്നുമില്ല. പക്ഷേ ഈയിടെ ഒരു പട്ടണത്തിലേക്കു താമസം മാറ്റി. അതോടെ പ്രശ്നവും ആരംഭിച്ചു.

പ്രശ്നം എന്നു പറഞ്ഞാൽ അല്പം ബുദ്ധിമുട്ട്, അത്രേയുള്ളൂ. മോനച്ചൻ പ്രവാചകന്റെ സഹോദരനാണെന്നു കേൾക്കുമ്പോൾ ആളുകൾ വളച്ചുകെട്ടി ചില ചോദ്യങ്ങൾ ചോദിക്കുന്നു, കുട്ടിയുടെ മുഖത്തേക്കു നോക്കുന്നു, ഉടൻ ഭാര്യ തല കുനിക്കുന്നു, അങ്ങനെ ചിലതൊക്കെ. അതോടെ ഷാജി കോപംകൊണ്ടു വിറയ്ക്കും. ബാലനേയും ഡിഫെൻഡറിനേയും പരമാവധി ചീത്തവിളിക്കും. ബാലനു വിവരങ്ങൾ നൽകുന്നവരെ തട്ടിക്കളയുമെന്നും പ്രഖ്യാപിക്കും. ആകെക്കൂടി ഒരു കോലാഹലം. പക്ഷേ പെന്തക്കോസ്തുകാരുള്ള ഏതു സ്ഥലത്തു ചെന്നാലും ഇതാണു സ്ഥിതി എന്നു വന്നതോടെ ഷാജി ശരിക്കും കുഴഞ്ഞു എന്നു പറഞ്ഞാൽ മതിയല്ലോ.

**എം.പി.3 സി.ഡികൾ ലോക്ക് ചെയ്യൂ കോപ്പിയടി അസാധ്യമാക്കൂ**

പാട്ടുകൾ, പ്രസംഗങ്ങൾ തുടങ്ങിയവ റൈറ്റ് ചെയ്തിട്ടുള്ള എം.പി.3 സി.ഡികൾ അനധികൃതമായി കോപ്പി ചെയ്യപ്പെടുന്നതു തടയാനായി വളരെ കുറഞ്ഞ ചെലവിൽ ലോക്ക് ചെയ്യാം.

കൂടുതൽ വിവരങ്ങൾക്ക്: 96564 32921

**'മരിച്ചവർ എവിടെ' വില്പന തുടരുന്നു**

''മരിച്ചവർ എവിടെ'' എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.
വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:
ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.
പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC,
Perumbavoor P.O., Ernakulam Dist. Pin. 683542.
Phone: 0484-3232356. Mob: 96564 32921**

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan